
# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 2 ലക്കം 4 പേജുകൾ 42 ജൂലൈ 2021


## എം ടി @ ൮൮



- സമകാലികം
- കഥകൾ
- റിഥം ഓഫ് ലൈഫ്
- കവിതകൾ






സ്കൂൾ വിദ്യാഭ്യാസം തീർന്നതോടെ അറ്റുപോയ ബന്ധമായിരുന്നു എനിക്ക് സി.ആർ.പി പണിക്കർ എന്ന പണിക്കര് മാഷ്. സ്കൂൾ കാലം ഓർക്കുമ്പോഴൊക്കെ എന്നും ആദ്യമെത്തുന്നതും പണിക്കര് മാഷ്ടെ മുഖമായിരുന്നു. ഒരു വിദ്യാർഥിയിൽ വാത്സല്യത്തോടെ എങ്ങനെ ഭാഷാസ്നേഹം വളർത്താം എന്നതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ എനിക്ക് പണിക്കര് മാഷ് മാത്രമേയുള്ളൂ. ഇത് ഒരുപക്ഷേ, ഗുരുബന്ധങ്ങളിൽ എനിക്ക് സംഭവിച്ച വ്യാപ്തി കുറവായിരിക്കാം. വായനക്കാർക്ക് മറ്റനേകം സുകൃതമുഖങ്ങൾ ഓർമയിൽ തെളിയുന്നുമുണ്ടാകാം. പണിക്കര് മാഷെപോലെ ഭാഷാസ്നേഹം പകർന്ന മറ്റൊരു ഗുരുനാഥൻ എന്റെ കഠിന ജീവിതയാത്രയിൽ ഇല്ലാതെപോയതിന്, സാഹചര്യങ്ങളുടെ സംഘർഷം കാരണമായിട്ടുണ്ടെന്നും ഓർക്കുന്നു.

സി.ആർ.പി പണിക്കർ എന്ന പ്രിയ കവിക്ക് ആദരമർപ്പിക്കുകയാണ് 'വ്യാപാരകേരരളം' മാസിക. ഈയാണ്ടു മുതൽ, 'വ്യാപാരകേരളം കവിതാപുരസ്കാരം', 'സി.ആർ.പി. പണിക്കർ സ്മാരക കവിതാ പുരസ്കാരം' എന്നാണ് അറിയപ്പെടുക. പുതിയ വർഷത്തെ പുരസ്കാരങ്ങൾക്ക് കവിതകൾ, അടുത്തുതന്നെ ക്ഷണിക്കുന്നതാണ്.

എംടി എന്ന കൈരളിയുടെ പ്രകാശം പരന്നിട്ട് ഈ മാസം 15ന് 88 തികയുകയാണ്. അദ്ദേഹത്തിന്റെ രചനാജീവിതം പ്രതിഫലിപ്പിക്കുന്ന ഒരു ലേഖനം ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. സമകാലിക സംഭവങ്ങൾ കോർത്തിണക്കിയുള്ള, പത്രപ്രവർത്തകൻ ഫ്രാങ്കോ ലൂയിസിന്റെ പംക്തിയും, അനാദിയായ സംഗീത ശ്രുതികണങ്ങൾ പരിചയപ്പെടുത്തുന്ന തേജശ്രീയുടെ 'റിഥം ഓഫ് ലൈഫ്' പംക്തിയും പുതിയ കാഴ്ചകളുമായി എത്തുന്നു.

കവിതകൾക്കും കഥകൾക്കും കൂടുതൽ ഇടം നൽകുന്ന രീതിയാണ് മാസിക പിന്തുടരുന്നത്. പതിനേഴ് കവിതകൾ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടക്കക്കാരും മറ്റു മാധ്യമങ്ങളിൽ എഴുതിക്കൊണ്ടിരിക്കുന്നവരും പുതിയ ലക്കത്തിൽ കവിതയും കഥയുമായി എത്തിയിട്ടുണ്ട്. വായനയിലൂടെയും ആസ്വാദനകുറിപ്പുകളിലൂടെയും ഇവരുടെ രചനകൾക്ക് അർഹമായ വിധം പരിഗണന നൽകുന്നത്, ഭാവിയിൽ ഭാഷക്ക് ഏറെ ഗുണകരമാകുമെന്ന് ഓർമിപ്പിക്കട്ടെ.

**-സി.ആർ.രാജൻ,**
എഡിറ്റർ

ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ


ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്

കവിത

# ഗസലോർമ്മയിൽ

(അനശ്വരഗായകൻ ഉമ്പായിക്ക്)



എത്രയെത്രയകലത്തിലാകിലും
സ്വപ്നതുല്യമടുത്തിരിക്കുന്നതായ്
കേൾക്കുമാറുണ്ട് നിൻസ്വരസൗഹൃദം
കാട്ടുപൂവിൻ മണമെന്നു രാവിതിൽ.

നീ പകരുകയാകാം വിരൽത്തുമ്പാൽ
വീതരാഗിയാം ഹാർമ്മോണിയത്തിലായ്
മാഞ്ഞുപോകും നിലാവെന്നതായൊരാ
മാരിവിൽക്കൊടിക്കുള്ളോരനുജ്ഞകൾ.

ദൂരദൂരം മരുവതു താണ്ടുമാ
ഭീതമാം കാറ്റിൽ നിൻ നാദസപ്തകം
കേണിടുന്നതായ്ത്തോന്നാം പ്രണയികൾ
പാടുമാർദ്രം കരൾത്തുടിപ്പെങ്കിലും.



രാജൻ സി എച്ച്

## അകത്താളുകളിൽ

### ലേഖനം/പംക്തി


കെ. സന്തോഷ്: പേജ് 4
ഫ്രാങ്കോ ലൂയീസ്: പേജ് 7
തേജശ്രീ: പേജ് 12


### കഥ


പി. രഘുനാഥ്: പേജ് 6
ലേഖ കാക്കനാട്ട്: പേജ് 15
തസ്നി ജബീൽ: പേജ് 18
ടോബിൻ കുമരകം: പേജ് 21
മിനി വർഗീസ്: പേജ് 26
റസിയ പയ്യോളി: പേജ് 34


### കവിത


രാജൻ സി. എച്ച്: പേജ് 3
സിന്ധുഗാഥ: പേജ് 11
കയ്യുമ്മു കോട്ടപ്പടി: പേജ് 14
സോണി വർഗീസ് വാരനാട്: പേജ് 16
സെയ്തലവി വിളയൂർ: പേജ് 17
രമ പിഷാരടി: പേജ് 19
ഐഷു ഷഹ്ന: പേജ് 20
ഷഫീന സൈത്തൂൻ: പേജ് 22
എം. കപിൽദേവ്: പേജ് 23
എം. കെ. അനിൽകുമാർ: പേജ് 24
ബിൻസി സുജിത്: പേജ് 25
ഡോ. അജയ് നാരായണൻ: പേജ് 29
ദീപ ദിനേശ്: പേജ് 30
ശിവൻ തലപ്പുലത്ത്: പേജ് 31
വിഷ്ണു രാധാകൃഷ്ണൻ: പേജ് 32
ജിതിൻ ആർ. പണിക്കർ: പേജ് 33



# എം.ടി. എന്ന വടവൃക്ഷം



കെ.സന്തോഷ്

മലയാള സാഹിത്യ ചരിത്രത്തിൽ എം.ടി.എന്ന ശ്രീ.എം.ടി.വാസുദേവൻ നായരുടെ സംഭാവനകളെ തമസ്ക്കരിച്ചുകൊണ്ട് നടത്തുന്ന ഏതൊരു അന്വേഷണത്തിനും അധികദൂരം മുന്നോട്ടു പോകാൻ കഴിയില്ല. ഒരു വടവൃക്ഷം പോലെ ആ രചനകൾ പല തലമുറകളിലെ മലയാളി വായാനാ സമൂഹത്തിന്റെ നഭോമണ്ഡലത്തിൽ പടർന്നു പന്തലിച്ചു കിടക്കുന്നു. നമ്മുടെ സാഹിത്യകാരന്മാർക്കിടയിൽ പകുതി കളിയായും കാര്യമായും പറഞ്ഞു കേൾക്കുന്ന ഒരു കാര്യമുണ്ട്. എം.ടി.എഴുതിയതിനേക്കാൾ എം.ടിയെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നു. തമാശയാണെങ്കിലും അതിൽ സത്യത്തിന്റെ നിഴലുകൾ വീണുകിടക്കുന്നു. പ്രമുഖ പുസ്തക പ്രസാധകരായ ഹരിതം ബുക്സ് ' എം.ടി.ഒരു അനുയാത്ര ' എന്ന പേരിൽ പത്ത് വാല്യങ്ങളിൽ അദ്ദേഹത്തിന്റെ രചനാലോകത്തെ പരിചയപ്പെടുത്തുന്ന ഗ്രന്ഥ പരമ്പര പുറത്തിറക്കിയിട്ട് അധികമായിട്ടില്ല എന്നോർക്കുക.


മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായരെന്ന എം.ടി.വാസുദേവൻ നായരുടെ ജനനം 1933പൊന്നാനി താലൂക്കിലെ കൂടല്ലൂർ ഗ്രാമത്തിൽ മാടത്ത് തെക്കേപ്പാട്ട് തറവാട്ടിൽ ടി.നാരായണൻനായരുടെയും അമ്മാളുവമ്മയുടെയും ഏറ്റവും ഇളയ മകനായി.കുറച്ചു കാലം കോപ്പൻ മാസ്റ്ററുടെ പള്ളിക്കൂടത്തിൽ പഠിച്ചിട്ടുണ്ട്.പിന്നീട് മലമക്കാവ് എലിമെന്ററി സ്കൂൾ കുമരനെല്ലൂർ ഹൈസ്കൂൾ പാലക്കാട് വിക്ടോറിയ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നീണ്ട കാലം പത്രാധിപരായി പ്രവർത്തിച്ചിട്ടുണ്ട്.

പതിനാലാം വയസ്സിൽ ആദ്യ രചന.

1954ൽ മാതൃഭൂമി നടത്തിയ ലോക കഥാമത്സരത്തിൽ സമ്മാനിതനായതോടെ ( കഥ: വളർത്തുമൃഗങ്ങൾ ) പ്രശസ്തനായി.

എന്തായിരിക്കാം മലയാളി വായാനാ സമൂഹത്തിന് ഇത്രമേൽ എം.ടിയെ പ്രിയങ്കരനാക്കിയത്. നമ്മുടെ മഹാനായ നിരൂപക ശ്രേഷ്ഠൻ പറഞ്ഞ പോലെ 'ചങ്ങമ്പുഴ പദ്യത്തിൽ എന്താണോ അത് തന്നെയാണ് എം.ടി.ഗദ്യത്തിലും ചെയ്തു വച്ചിരിക്കുന്നത്' . ഇത് വെറുമൊരു പ്രസ്താവനയായ് എഴുതി തള്ളാൻ കഴിയില്ല.എം.ടി.യുടെ രചനാലോകത്തിലൂടെ സഞ്ചരിക്കുന്ന ഏതൊരാൾക്കും തിരിച്ചറിയാൻ കഴിയുന്ന ഒരു സത്യമുണ്ട് കഥയ്ക്കും കവിതയ്ക്കും ഇടയി




ലുള്ളത് നേർത്ത ചില നൂലിഴകൾ മാത്രമാണെന്ന്!..

എം.ടി.ഒരു സവിശേഷ കാലഘട്ടത്തിലാണ് നമ്മുടെ സാഹിത്യ ലോകത്തേക്ക് കടന്നു വരുന്നത്,അത് അമ്പതുകളുടെ അവസാനമാണ്, അത് വരെയും ആൾക്കൂട്ടബഹളങ്ങളുടെയും നവോത്ഥാന മുന്നേറ്റങ്ങളുടെയും മുന്നണിയുടെ ഭാഗമായിരുന്ന നായക സങ്കല്പങ്ങളിൽ നിന്നും പൊടുന്നനെ ഒരു കുതറിമാറൽ എം.ടിയുടെ ആദ്യകാല രചനകളിൽ നാം കണ്ടു.

മുഴങ്ങി കേട്ട മുദ്രാവാക്യങ്ങളിൽ നിന്നും തീർത്തും ഭിന്നമായ തേങ്ങലുകൾ നാം അനുഭവിച്ചു.തകർന്ന നാലുകെട്ടുകളും നാമാവശേഷമായ സാമ്പത്തിക ചുറ്റുപാടുകളും തകർത്തെറിഞ്ഞ കുറേ ജീവിതങ്ങൾ.

അസംതൃപ്തരും അനാഥരുമായ യൗവ്വനങ്ങൾ


അങ്ങനെ കാത് മുറിച്ച മീനാക്ഷി ഏടത്തിയും പകിടകളിക്കാരൻ, കോന്തുണ്ണിനായരും, സിംഹള പെൺകുട്ടിയും, ഭ്രാന്തൻ വേലായുധനും മലയാളിയുടെ ആരെല്ലാമോആയി.ആ കഥാകാരനെ മറ്റേതൊരു എഴുത്തുകാരനേക്കാൾ നാം സ്നേഹിച്ചു.


നിള ഒഴുകിയത് വള്ളുവനാട്ടിലൂടെയാണെങ്കിലും മൈലുകൾക്കപ്പുറത്തെ പ്രവാസി മലയാളികളും ആ തണുപ്പും കുളിരും അറിഞ്ഞു.


ഭാവാർദ്രവും കലാചാതുരിയും പ്രകടമാകുന്ന ഏതാണ്ട് നൂറോളം കഥകൾ അദ്ദേഹം നമ്മൾക്ക് നൽകിയിട്ടുണ്ട്. രണ്ടാമൂഴവും, വിലാപയാത്രയും, നാലുകെട്ടും, കാലവും, മഞ്ഞും, വാരണാസിയും, അസുരവിത്തും etc അടങ്ങുന്ന നോവലുകളും. (നോവലുകളിലേക്ക് വരുമ്പോൾ കഥകളുടെ ഒരു തുടർച്ച തന്നെയാണ് അവിടെയും സംഭവിക്കുന്നത്. സ്നേഹവും സുരക്ഷിതത്വംവും തേടി അലയുകയും എന്നാൽ ലോകം അതിക്രൂരമായി അവർക്കു നേരെ മുഖം തിരിക്കുകയും ചെയ്യുന്നു) കലാമൂല്യവും കച്ചവടവും ഒത്തിണങ്ങിയ മലയാള സിനിമയുടെ നാഴികക്കല്ലുകൾ എന്ന് വിശേഷിപ്പിക്കാവുന്ന കുറച്ചധികം തിരക്കഥകളും എം.ടിയുടേതായി നമ്മൾക്ക് ലഭിച്ചിട്ടുണ്ട്. ഒരു വടക്കൻ വീരഗാഥ, വൈശാലി, പെരുന്തച്ചൻ, സുകൃതം, പരിണയം, സദയം എന്നിവ അതിൽ ചിലത് മാത്രം. യാത്രാക്കുറിപ്പുകൾ, ലേഖന സമാഹാരങ്ങൾ, ഓർമ്മകൾ എന്നിവകളിലായ് അനവധി സൃഷ്ടികൾ. ആരെയും അതിശയപ്പെടുത്തുന്നതാണ് ആ സർഗ്ഗപ്രവഞ്ചം!..

പുരസ്കാരങ്ങളുടെയും ഒരു മഹാപർവ്വം ഈ എഴുത്തുകാരന് താണ്ടിയിട്ടുണ്ട് അതിൽ ഇരുപത്തിനാലാം വയസ്സിൽ തേടി വന്ന കേരള സാഹിത്യ അക്കാദമി അവാർഡ് മുതൽ ഇങ്ങ് ജ്ഞാനപീഠ പുരസ്കാരം വരെയുണ്ട്.

'തൊട്ടതെല്ലാം പൊന്നാക്കുക' എന്ന ചൊല്ലിനെ അന്വർഥമാക്കി ഏയരപതിറ്റാണ്ടിലധികമായി എം.ടി.വാസുദേവൻ നായർ മലയാളി വായനാ സമൂഹത്തിന്റെ മനസ്സുകളിലുണ്ട് ഒരു വടവൃക്ഷം കണക്കെ!..






# പെണ്ണൊരുമ്പെട്ടാൽ...



**ആ**ദ്യം തെറിച്ചു വന്നത് ഒരു ഭരണിയാണ്. അത്യാവശ്യം വലിപ്പമൊക്കെയുണ്ട്. കാലിൽ വീണാൽ എല്ലുപൊട്ടാൻ അതൊക്കെ മതി..പിറകെ പാത്രങ്ങൾ, ഗ്ലാസ്, റ്റീസ്പൂണുകൾ എന്നിങ്ങനെ ഓരോന്നായി ജാഥപോലെ...അവസാനം പയ്യിനെ കെട്ടുന്ന കയറുമായി പെങ്കൊച്ചു പുറത്തു വന്നു.

'ഇനിയും താൻ എന്നെ കെട്ടിയേ അടങ്ങൂ എങ്കി അന്ന് രാത്രി ഈ കയറായിട്ടാ ഞാൻ വരാ.. '

അതോടെ അപ്പനും മോനും സാവധാനം പുറത്തിറങ്ങി. മകന്റെ പുറത്തു തട്ടി അപ്പൻ ആശ്വസിപ്പിച്ചു.

' അവള് പോട്ടെടാ.. നിനക്കപ്പൻ ഐശ്വര്യ റായിയെ പോലുള്ള പെണ്ണിനെ കൊണ്ടുതരും..'

മകൻ നിരാശയിൽ തലകുനിച്ചു തന്നെ നടന്നു.

അപ്പനും മകനും സാധാരണ മട്ടിൽ പെണ്ണ് കാണാൻ ചെന്നതാണ്. ചുരുങ്ങിയത് മുപ്പത് എണ്ണം കഴിഞ്ഞു. ഒന്നും മകന് പിടിക്കുന്നില്ല. എന്നിട്ടുവേണ്ടേ പെണ്ണിന് ഇഷ്ടപ്പെട്ടുവോ എന്ന് ചോദിക്കാൻ. അപ്പന്റെ മകൻ തന്നെ. ഇരുപത് വയസ്സ് കഴിഞ്ഞതിൽ പിന്നെ നൂറ്റിമുപ്പത് കിലോയിൽ കുറഞ്ഞിട്ടില്ല, ശരീരഭാരം. പക്ഷെ ആ അഹങ്കാരം ഒന്നുമില്ല. നല്ല കിളി പോലെയുള്ള പെൺകുട്ടി തന്നെ വേണം. പണം, സ്വത്ത് ആദിയായവ പ്രശ്നമേ അല്ല. അപ്പനപ്പൂപ്പന്മാരായിട്ട് ഇഷ്ടം പോലെ ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ഒരു ചെറിയ വീട്ടിൽ ചെന്ന് കുട്ടിയെ കണ്ടപ്പോൾ മകന് പെരുത്ത് ഇഷ്ടം. ശരിക്കും മീര ജാസ്മിനെപോലെ. പിന്നെ മകന്റെ അപ്പൻ ജാസ്മിൻ അപ്പനുമായി ഡീൽ ഉറപ്പിച്ചു. സ്ത്രീ ധനമായിട്ട് ജാസ്മിനെ മാത്രം മതി. പണ്ടം, പണം, മനസമ്മതം, കല്യാണം തുടങ്ങി ആർഭാടങ്ങൾ എല്ലാം ഞങ്ങൾ ഏറ്റു. ചെക്കനെ കണ്ട ഷോക്കിൽ അകത്തു നിന്നിരുന്ന പെങ്കൊച്ച് തനിക്കിടപെടേണ്ട സമയം ആയെന്ന് തിരിച്ചറിഞ്ഞു. അങ്ങനെയാണ് ഭരണി നക്ഷത്രക്കാരി ഭരണിയിൽ തുടങ്ങിയത്...



പി രഘുനാഥ്



# അടച്ചിടലിൽ ഗതികെട്ട്

**മേയ് എട്ടിന് ആരംഭിച്ച ലോക് ഡൗൺ ഏപ്രിൽ 16 വരെ നീണ്ടു. യഥാർഥത്തിൽ ലോക് ഡൗൺ മേയ് എട്ടിനു പത്തു ദിവസം മുമ്പേ ആരംഭിച്ചിരുന്നു. ഏപ്രിൽ അവസാന വാരത്തോടെ കേരളത്തിലെ 80 ശതമാനം പ്രദേശങ്ങളും രോഗവ്യാപന മേഖലയാണെന്നു പ്രഖ്യാപിച്ചുകൊണ്ട് അടച്ചുപൂട്ടി. യഥാർഥത്തിൽ ഇത്തവണത്തെ അടച്ചുപൂട്ടൽ ഒന്നര മാസം നീണ്ടു.**



ഫ്രാങ്കോ ലൂയിസ്

ഒന്നര മാസത്തെ അടച്ചിടലിൽ ജനലക്ഷങ്ങളുടെ ജീവനോപാധിയാണു തകർന്നത്. കഴിഞ്ഞ വർഷത്തെ അടച്ചിടലുകൾ സൃഷ്ടിച്ച ദുരിതങ്ങളിൽനിന്നു കരകയറിക്കൊണ്ടിരിക്കേയാണ് രണ്ടാം തരംഗത്തിലെ അടച്ചിടൽ.

മേയ് എട്ടിന് ആരംഭിച്ച ലോക് ഡൗൺ ഏപ്രിൽ 16 വരെ നീണ്ടു. യഥാർഥത്തിൽ ലോക് ഡൗൺ മേയ് എട്ടിനു പത്തു ദിവസം മുമ്പേ ആരംഭിച്ചിരുന്നു. ഏപ്രിൽ അവസാന വാരത്തോടെ കേരളത്തിലെ 80 ശതമാനം പ്രദേശങ്ങളും രോഗവ്യാപന മേഖലയാണെന്നു പ്രഖ്യാപിച്ചുകൊണ്ട് അടച്ചുപൂട്ടി. യഥാർഥത്തിൽ ഇത്തവണത്തെ അടച്ചുപൂട്ടൽ ഒന്നര മാസം നീണ്ടു.

അടച്ചിടലിന്റെ പ്രത്യാഘാതം പരിഹരിക്കാനും സാധാരണക്കാരുടെ സാമ്പത്തിക നില ദുരിതക്കുഴിയിൽനിന്നു കരകയറാനും ആറു മാസമെങ്കിലും വേണ്ടിവരും. കോവിഡും ലോക്ഡൗണുംമൂലം കടക്കെണിയിലായ ജനലക്ഷങ്ങൾ അസംഘടിതരായ ജനവിഭാഗമാണ്. തൊഴിലും വരുമാനവും ഇല്ലാതായവർ. ഓട്ടോകൂലികൊണ്ടു ജീവിക്കാൻ വായ്പയെടുത്ത് ഓട്ടോറിക്ഷ വാങ്ങിയവർ മുതൽ ചെറുകിട വ്യാപാരികൾ വരെയുണ്ട് അക്കൂട്ടത്തിൽ. വായ്പാതുക തിരിച്ചടയ്ക്കാനാകാതെ ജപ്തി ഭീഷണിയിലാണ് ഇക്കൂട്ടർ. കേന്ദ്ര സർക്കാർ അനുവദിച്ചുതന്ന സൗജന്യ റേഷനരിയും കേരളം കൊടുക്കുന്ന പലവ്യഞ്ജന കിറ്റും വാങ്ങി പുഴുങ്ങിത്തിന്നാൽ എല്ലാമായിയെന്നു കരുതുന്നവരുണ്ട്. ഇതൊന്നും ആവശ്യമില്ലാത്ത മേലാളന്മാർ നടപ്പാക്കുന്ന കോവിഡ് കാലത്തെ സാമൂഹ്യനീതി ഇതാണ്.

കേരളത്തിലെ രണ്ടാം കോവിഡ് തരംഗത്തിനു വഴിയൊരുക്കിയത് രാഷ്ട്രീയ പാർ

ട്ടികളാണ്. നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പേ, രാഷ്ട്രീയ പാർട്ടികളും മുന്നണികളും നടത്തിയ 'സ്വന്തം പാർട്ടി രക്ഷാ യാത്ര'കളും അവയ്ക്ക് അണികൾ നൽകിയ സ്വീകരണങ്ങളും ആൾക്കൂട്ടങ്ങളായിരുന്നു. നിയന്ത്രിക്കാൻ സർക്കാരോ ആരോഗ്യവകുപ്പോ പോലീസോ തയാറായില്ല. നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണവും രോഗവ്യാപനത്തെ ആളിക്കത്തിച്ചു. വോട്ടെടുപ്പു കഴിഞ്ഞയുടനേ രോഗവ്യാപന തോത് വർധിച്ചതായി ആരോഗ്യവകുപ്പിനു ബോധ്യപ്പെട്ടതാണ്. മിണ്ടിയില്ല.

മാർച്ച് മാസംവരെ കേരളത്തിലെ ശരാശരി രോഗവ്യാപനം രണ്ടായിരം പേർക്കായിരുന്നു. വോട്ടെടുപ്പു നടന്ന ഏപ്രിൽ ആദ്യവാരത്തിൽ ഇത് മൂവായിരമായി. ഏപ്രിൽ രണ്ടാം വാരത്തിൽ ആറായിരമായി. മൂന്നാം വാരത്തിൽ പതിനേഴായിരത്തിലേക്കു വളരുംകയും നാലാം വാരത്തിൽ 22,000 കടക്കുകയും ചെയ്തു. ഏപ്രിൽ 30 ന് 37,000 പേർക്കാണു പുതുതായി രോഗം ബാധിച്ചത്.

രോഗവ്യാപനം അതിതീവ്രമാകുമെന്നു മുന്നിൽകണ്ട് ഏപ്രിൽ ആറിനു വോട്ടെടുപ്പിനു പിറകേ ഏർപ്പെടുത്തേണ്ടിയിരുന്ന നിയന്ത്രണങ്ങൾ ഒരു മാസം വൈകി മേയ് എട്ടിനു മാത്രം ഏർപ്പെടുത്തിയതാണ് രോഗവ്യാപന തോത് ഇത്രയേറെ വർധിപ്പിച്ചത്. കുറ്റകരമായ അനാസ്ഥയാണു സർക്കാരിന്റെ ഭാഗത്തുനിന്ന് സംഭവിച്ചത്.

ഈ വരികൾ കുറിച്ച ജൂൺ 23 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ കോവിഡ് ബാധിക്കുന്നവരുടെ എണ്ണം ദിവസേനെ 55,000 എന്ന തോതിലാണു വർധിക്കുന്നത്. രോഗം ബാധിച്ചവരുടെ എണ്ണം മൂന്നു കോടി കവിഞ്ഞു. രോഗബാധിതരുടെ എണ്ണം 6.27 ലക്ഷമായി. 3.92 ലക്ഷം പേർ മരിച്ചു. ദിവസേനെ 1,500 പേർ എന്ന നിരക്കിലാണു മരിക്കുന്നത്. കേരളത്തിൽ കോവിഡ് ബാധിച്ചു മരിച്ചത് 12,295 പേരാണ്. 28.29 ലക്ഷം പേർ ഇതുവരെ രോഗബാധിതരായി.

കോവിഡ് നേരിടാനുള്ള അടച്ചിടലിനെ സന്തോഷത്തോടേയും ആഹ്ലാദത്തോടേയും സ്വാഗതം ചെയ്തതു സർക്കാർ ഉദ്യോഗസ്ഥരാണ്. ഒരു ജോലിയും ചെയ്യാതെ ഒന്നര ലക്ഷം വരെ രൂപ ശമ്പളവും പെൻഷനും വാങ്ങാം. അങ്ങനെ ബാങ്കുനിക്ഷേപത്തിന്റെ കനംകൂട്ടിയത് പെൻഷൻകാരും സർക്കാർ ഉദ്യോഗസ്ഥരുമാണ്.

കോവിഡ് ചികിൽസ തീവെട്ടിക്കൊള്ളയാക്കിയാണ് സ്വകാര്യ ആശുപത്രികൾ മുന്നേറിയത്. ഓരോ രോഗിയിൽനിന്നും ഒന്നര ലക്ഷം രൂപ മുതൽ പത്തു ലക്ഷം രൂപവരെയാണ് ആശുപത്രികൾ കൈക്കലാക്കുന്നത്. ഒരു വീട്ടിലെ നാലു പേർക്കു കോവിഡ് ബാധിച്ചാൽ വീടും സ്വത്തുമെല്ലാം വിറ്റുപെറുക്കി ആശുപത്രിക്കു നൽകേണ്ടിവരും.

ആശുപത്രികളുടെ തീവെട്ടിക്കൊള്ളയ്ക്കെതിരേ ഹൈക്കോടതി ഇടപെട്ടതുമൂലം സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. നിരക്കുകൾ ഏകീകരിച്ചു. വെന്റിലേറ്ററിലും ഐസിയുവിലും വാർഡിലും കിടക്കുന്ന രോഗികളുടെ നിരക്കാണ് ഏകീ



കരിച്ചത്. അതോടെ വാർഡിൽ രോഗികളെ പ്രവേശിപ്പിക്കുന്നത് ആശുപത്രികൾ നിർത്തലാക്കി. മുറികളിലേക്കു മാത്രമായി പ്രവേശനം. മുറികളിലെ നിരക്കിനു സർക്കാർ നിയന്ത്രണമില്ല. ഹൈക്കോടതി ഈ വിഷയത്തിലും ഇടപെടുന്നുണ്ട്. എന്തായാലും കോവിഡ് കാലത്ത് സ്വകാര്യ ആശുപത്രികൾ കോടികളാണു സമ്പാദിച്ചുകൂട്ടിയത്.

## കോൺഗ്രസ് തളിർക്കുമോ?

കേരളത്തിൽ കോൺഗ്രസ് ഒരു പുനർജന്മത്തിനുള്ള പേറ്റുനോവിലാണ്. ഐ, എ ഗ്രൂപ്പുകളിലെ വീതംവയ്പും വെട്ടിനിരത്തലുകളും പാർട്ടിയെ 'അയ്യേ' എന്ന പരുവത്തിലാക്കി. പണ്ടു ജനസേവനമായിരുന്നു കോൺഗ്രസ് എന്ന പാർട്ടിയുടെ അന്തസ്. പിന്നീടത് ആകാവുന്നത്ര പണം വാരലായി. അധികാരക്കസേരയ്ക്കായി പാർട്ടി വിടുകയോ പാർട്ടിയെ വിൽക്കുകയോ അടക്കം എന്തും ചെയ്യാമെന്നായി. നേതാക്കൾ മുതൽ അണികൾ വരെയുള്ളവരുടെ രീതി അങ്ങനെയായി. അച്ചടക്കമില്ലാതെ കലപില കൂട്ടി കസേരകൾ പിടിച്ചെടുക്കുന്ന കൊള്ളസംഘത്തേപ്പോലെ വളർന്ന ഒരു വിഭാഗത്തിനായി പാർട്ടിയിൽ ആധിപത്യം. ഈ യിനങ്ങളിലുള്ളവരെ ചേർത്തുകെട്ടിയ ആൾക്കൂട്ടങ്ങൾ പാർട്ടി ഭാരവാഹികളായി. പാർട്ടിക്കുവേണ്ടി അഹോരാത്രം പണിയെടുത്ത അർഹതയുള്ള അനേകരെ പുറത്തുനിർത്തി.

ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെ തുണച്ച മലയാളികൾ തദ്ദേശ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും കോൺഗ്രസിനെ കുപ്പയിലേക്കെറിഞ്ഞു. ആരോപണങ്ങളൊന്നും താങ്ങായില്ല.

അങ്ങനെയാണ് കെപിസിസിയും നിയമസഭാ കക്ഷിയും ഗ്രൂപ്പുകൾക്ക് അതീതമായി പുനസംഘടിപ്പിക്കാൻ ഹൈക്കമാൻഡ് തീരുമാനിച്ചത്.

പാർട്ടിയെ കേഡർ പാർട്ടിയാക്കി മാറ്റാനാണ് കെപിസിസി അധ്യക്ഷനായി ചുമതലയേറ്റ കണ്ണൂരിലെ സ്റ്റീൽ ബോംബായ കെ. സുധാകരന്റെ ശ്രമം. ഗ്രൂപ്പുകൾക്കതീതമായി പാർട്ടിയെ വളർത്തുന്നതിനൊപ്പം പണത്തിനും പദവിക്കും വേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവരെ ഒതുക്കുകയും ചെയ്താലേ സുധാകരനു ലക്ഷ്യം നേടാനാകൂ. നൂറ്റമ്പതോളം പേരുള്ള കെപിസിസിയുടെ കോമഡി ജംബോ കമ്മിറ്റിയെ വെട്ടിച്ചുരുക്കി 51 അംഗ കമ്മിറ്റിയാക്കുമെന്നാണു സുധാകരന്റെ നിലപാട്. ജില്ലാ കമ്മിറ്റികളിലും ഇത്തരം വെട്ടിച്ചുരുക്കലുണ്ടാകും. പദവി നഷ്ടപ്പെടുന്നവരുടെ മുറുമുറുപ്പിനേക്കാൾ വലുതാണ് പാർട്ടിയുടെ ഐക്യവും വളർച്ചയും.

പാർട്ടിയെ താഴെ തട്ടിൽനിന്നുതന്നെ പടുത്തുയർത്തേണ്ടിവരും. അതിനാണ് അയൽക്കൂട്ടങ്ങൾ ആരംഭിക്കാൻ കോൺഗ്രസ് പദ്ധതിയിടുന്നത്. ജനസേവനമാകട്ടേ കോൺഗ്രസിന്റെ പ്രഥമ മുദ്രാവാക്യം. നേതാക്കളും അണികളും ആ മുദ്രാവാക്യം ഏറ്റെടുക്കുമെന്നു പ്രതീക്ഷിക്കാം. പിഴവുകൾ തിരുത്തിയില്ലെങ്കിൽ കോൺഗ്രസിനെ ജനം ചവറ്റുകുട്ടയിൽനിന്നു കരകയറ്റില്ലെന്നുകൂടി ഓർമിപ്പിക്കട്ടെ.

## വിസ്മയക്കണ്ണീർ

പണത്തോടുള്ള ആർത്തി മനുഷ്യനെ



പിശാചോ മൃഗമോ ആക്കി മാറ്റുന്ന അനേകം സംഭവങ്ങളിൽ അവസാനത്തേതാണ് വിസമയ എന്ന പെൺകുട്ടിയുടെ മരണം. ആയുർവേദ ഡോക്ടറായി പുറത്തുവരാനിരിക്കേയാണ് വിസ്മയ സ്ത്രീധന പീഡനത്തിന്റെ പേരിൽ മരണം വരിക്കേണ്ടിവന്നത്. സമൂഹ മനസാക്ഷിയെ ഞെട്ടിച്ചുകളഞ്ഞ സംഭവമാണിത്. വിവാഹത്തെ ലക്ഷ



ങ്ങളുടേയും കോടികളുടേയും ഇടപാടാക്കുന്ന സംസ്കാരത്തെ നുള്ളിക്കളയേണ്ടത് ഈ സമൂഹംതന്നെയാണ്. നാം ഓരോരുത്തരുമാണ്.

വിദ്യാഭ്യാസം, സംസ്കാരം എന്നിങ്ങനെയുള്ള മേഖലകളിൽ മലയാളികൾ ബഹുദൂരം മുന്നിലാണെന്ന് അഭിമാനിക്കാറുണ്ട്. എത്രയേറെ മുന്നേറിയാലും പണത്തോടുള്ള ആസക്തി കുറയുന്നില്ല. മുന്തിയ സ്ത്രീധനം നൽകി മകളെ കെട്ടിച്ചയക്കാൻ ശ്രമിക്കുന്ന മാതാപിതാക്കളും ചോദിച്ചു വാങ്ങി തലയ്ക്കുമീതെ കൂമ്പാരം കൂട്ടുന്ന വരന്റെ മാതാപിതാക്കളുമാണ് ഇക്കാര്യത്തിൽ പ്രതികൾ. വിവാഹാലോചനകൾ തുടങ്ങുമ്പോഴേ, സ്ത്രീധനം ആഗ്രഹിക്കുന്ന കുടുംബത്തിലേക്കു ഞാനില്ലെന്നു പ്രഖ്യാപിക്കുന്ന പെൺകുട്ടികളാണ് ഇന്ന് അധികവും. തന്നേക്കാൾ പണത്തെയും സ്വത്തിനേയും മോഹിക്കുന്നവരെ തിരസ്കരിച്ചേ തീരൂ. പെൺകുട്ടികളുടെ ഈ നിലപാടിനെ ചവിട്ടി മെതിക്കാൻ മാതാപിതാക്കൾ ശ്രമിക്കരുത്.

മാതാപിതാക്കൾ സൗകര്യപ്പെടുമ്പോഴോ ആവശ്യത്തിനനുസരിച്ചോ സ്വത്ത് മക്കൾക്കു വീതിച്ചു നൽകുന്നതു നല്ലതുതന്നെ. എന്നാൽ വിവാഹബന്ധം പണത്തിന്റേയും സ്വത്തിന്റേയും വലുപ്പത്തെ ആധാരമാക്കുമ്പോഴാണു നിരോധിക്കപ്പെട്ട സ്ത്രീധനമാകുന്നത്. ആ അടിമത്തത്തിൽനിന്ന് നാം ഓരോരുത്തരും മോചിതരായേ തീരൂ.

കഴിഞ്ഞ അഞ്ചു വർഷത്തിനിടെ സ്ത്രീധന പീഡനം മൂലം 66 യുവതികളാണു മരിച്ചത്. കഴിഞ്ഞ പത്തു വർഷത്തിനിടെ സ്ത്രീപീഡനത്തിന് 8,241 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ 1,096 കേസുകൾ സ്ത്രീധന പീഡനത്തിനാണ്. 7,775 ഗാർഹിക പീഡനകേസുകൾ വേറെ. റിപ്പോർട്ടു ചെയ്ത് കേസുകളാണിവ്. നമ്മുടെ വീട്ടകങ്ങളിൽനിന്നു പുറത്തുപോകാത്ത അനേകം സംഭവങ്ങൾ വേറേയുമുണ്ട്. പന്തികേടു കണ്ടാൽ ഒന്നോ രണ്ടോ തവണ ക്ഷമിക്കാം, താക്കീതു നൽകാം. ഉപദ്രവം മരണംവരെ തുടരാൻ കാത്തുനിൽക്കാമോ? നിയമത്തിനു മുന്നിലേക്കു വലിച്ചിട്ട് മാതൃകാപരമായ ശിക്ഷ വാങ്ങിക്കൊടുക്കാൻകൂടി നമുക്കു കഴിയണം.

സമകാലിക ചിന്തയിൽ വിസ്മരിക്കാനാകാത്ത അനേകം വിഷയങ്ങൾ ഇനിയുമുണ്ട്. സ്ഥലപരിമിതി മൂലം അതിലേക്കു പ്രവേശിക്കുന്നില്ല. ബിജെപി സംസ്ഥാന നേതൃത്വത്തെ പ്രതിക്കൂട്ടിലാക്കുന്ന കുഴൽപണം കവർച്ചക്കേസ്, കർഷകരെ സഹായിക്കാനെന്ന പേരിൽ പുറത്തിറക്കിയ ഉത്തരവിന്റെ മറവിലുള്ള വനംകൊള്ള, ലിറ്ററിനു നൂറു രൂപയിലെത്തിയ പെട്രോൾ ഡീസൽ വില വർധന തുടങ്ങിയ വിഷയങ്ങൾ. രണ്ടു വർഷം കേരളത്തെ മുക്കിക്കളഞ്ഞ പ്രളയ ഭീഷണി വരും മാസങ്ങളിൽ ആവർത്തിക്കുമോയെന്ന ആശങ്കയും ഭീതിയുമെല്ലാം ഒഴിയാത്ത കാർമേഘങ്ങളായി തലയ്ക്കു മീതെയുണ്ട്.

നല്ലതു ഭവിക്കട്ടെ.



# ഒരു ചുംബനപ്പിണക്കം

ഒരു കലഹപ്പുഴയുടെ
അങ്ങേത്തലയ്ക്കൽ
ഒച്ചയില്ലായ്മയിൽ പിണക്കം
പൊതിഞ്ഞ വാക്കുകൾ
പടിയിറങ്ങിയപ്പോഴാണ്
ഇരുളടഞ്ഞ മൂകതയുടെ
നോവിൻ മാറാലപ്പൂത്ത
പേരറിയാത്തയിടനാഴിയിൽ
നീയും ഞാനും തനിച്ചായത്

എൻ മിഴിസാഗരത്തിലെ
തിരയിളക്കങ്ങൾതൻ
വേലിയേറ്റങ്ങളെന്നും
നിൻ ചുംബനക്കാറ്റാൽ
ശാന്തമാക്കാറുണ്ടെന്നും

എന്നാലിന്നാ ചുംബനമെന്റെ
പിണക്കത്തിന്റെ കൈയും
പിടിച്ചു കയറുകയാണാ
മരണത്തിന്റെ മുനമ്പിലേക്ക്

പകൽ പടിഞ്ഞാറേക്ക്
ആത്മാഹുതിക്കായ്
പാഞ്ഞടുത്തപ്പോൾ
നിരത്തിന്റെയോരം
ചേർന്ന് നടന്ന പ്രണയം

നിലത്ത് പിടഞ്ഞുവീണ
ചുംബനത്തെയുമെന്റെ
പിണക്കക്കുഞ്ഞുങ്ങളെയും
പരിഹസിക്കുന്നുണ്ടൊരു
പടിഞ്ഞാറൻ കാറ്റപ്പോൾ



സിന്ധു ഗാഥ



# ബിടിഎസ്!!




തേജശ്രീ

**തലക്കെട്ടു വായിച്ചിട്ടു നെറ്റിചുളിയുന്നെങ്കിൽ നിങ്ങൾക്കൊരു പ്രശ്നമുണ്ട്- വേറൊന്നുമല്ല, നിങ്ങൾ ഒരല്പം ഓൾഡ് ജനറേഷനായി മാറിയിരിക്കുന്നു. ലോകത്തിന്റെ എന്നതിനൊപ്പം, നമ്മുടെ ഈ കൊച്ചു കേരളത്തിന്റെയും യുവ തലമുറയ്ക്ക് ഈ മൂന്നക്ഷരങ്ങൾ എന്താണ് എന്നു വെറുതെ പറയാവുന്നതല്ല. അത്രയേറെ ആരാധകരുള്ള ഒരു സംഘമാണ് ബിടിഎസ്.**

**ബു**ള്ളറ്റ് പ്രൂഫ് ബോയ് സ്കൗട്ട്സ് അല്ലെങ്കിൽ ബാംഗ്ടാൻ സൊന്യോന്താൻ എന്നുകേട്ടാൽ എന്തോ സായുധ സൈന്യ ട്രൂപ്പാണെന്നു കരുതണ്ട. ബിടിഎസ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സംഗീത സംഘത്തിന്റെ യഥാർത്ഥ പേരാണിത്. ബിടിഎസ് എന്നു കേൾക്കാത്തവർക്ക് ഇപ്പോഴും തുടർന്നുവായിക്കാൻ വലിയ താത്പര്യം കാണില്ല. എന്നാൽ അറിയുക- ഈ ദശാബ്ദത്തിലെ ഏറ്റവും ഹിറ്റായ ബാൻഡുകളിൽ മുന്നിലാണ് ഈ ഏഴംഗ കൊറിയൻ പോപ്പ് സംഘം. ഭാഷയേതെന്നു ചിന്തിക്കുകപോലും ചെയ്യാതെ ലോകമെങ്ങുമായി കോടി കോടിക്കണക്കിന് ആരാധകർ. ലോകത്തിലെ ഏറ്റവും സ്വാധീനമുള്ളവരുടെ കൂട്ടത്തിൽ ബിടിഎസ് ഇടംപിടിച്ചിരുന്നു. ഒരു കാര്യംകൂടി കേൾക്കുക- ഈ ബാൻഡിന്റെ ജന്മദിനം വാശിപിടിച്ച് കേക്ക് മുറിച്ച് ആഘോഷിക്കുന്ന കുട്ടികൾ നമ്മുടെ നാട്ടിൽപ്പോലുമുണ്ട്!

## എങ്ങനെയുണ്ടായി ബിടിഎസ്

എട്ടുകൊല്ലം മുമ്പാണ് ബിഗ് ഹിറ്റ് എന്റർടെയ്ൻമെന്റ് എന്ന കമ്പനി ബിടിഎസ് എന്ന കെ-പോപ്പ് (കൊറിയൻ പോപ്പ്) ബാൻഡിനു തുടക്കമിട്ടത്. ഓഡിഷൻ വഴി അംഗങ്ങളെ കണ്ടെത്തുകയായിരുന്നു. വിദ്യാർഥികൾ, തെരുവിൽ ഡാൻസ് ചെയ്യുന്നവർ, അണ്ടർഗ്രൗണ്ട് റാപ്പർമാർ എന്നിങ്ങനെയുള്ളവരിൽനിന്ന് അംഗങ്ങളെ തെരഞ്ഞുപിടിച്ചു. ആർഎം എന്ന കിം നാ ജുൻ ആയിരുന്നു ബാൻഡിലെ ആദ്യത്തെ അംഗം. ബാക്കി അംഗങ്ങൾ പിന്നാലെയെത്തി. കുക്കി എന്ന ജിയോൻ ജംകുക്ക്, വി എന്ന കിം തെയുങ്, ഷുഗ എന്ന മിൻ യു ഗി, ജിൻ എന്ന കിം സിയോ ജിൻ, ജീമിൻ എന്ന പാർക്ക് ജിമിൻ ജെ ഹോപ് എന്ന ജംക് ഹോസിയോക് എന്നിവരാണ് ബാക്കിയുള്ളവർ.

## സ്വാധീനം എത്രത്തോളം

ഓപ്പൺ ഗങ്നം സ്റ്റൈൽ എന്നൊരു പാട്ട് പലർക്കും ഓർമകാണും. 2012ൽ ലോകമെങ്ങും കൊടും വൈറലായി മാറിയ കെ-പോപ്പ് ഗാനം. അതിലൂടെ സൈ എന്ന സംഗീതജ്ഞൻ പ്രശസ്തിയുടെ പരകോടിയിലെത്തി. അദ്ദേഹത്തിന്റെ പാട്ടും ഡാൻസും യുട്യൂബിൽ നാലു ബില്യൺ തവണയാണ് ആളുകൾ കണ്ടത്. ലോകമെങ്ങുമുള്ള ചെറുപ്പക്കാരെപ്പോലെത്തന്നെ ഇന്ത്യയിലും, ഇങ്ങു കേരളത്തിലും കൊറിയൻ പോപ്പിന് അങ്ങനെ ആരാധകർ കൂടിവന്നകാലത്താണ് ബാങ്ടാൻ ബോയ്സ് എന്ന ബിടിഎസിന്റെ ഉദയം. ഓരോ പാട്ടുകൾ ഇറങ്ങുമ്പോഴും പുതിയ ചരിത്രം സൃഷ്ടിക്കുക എന്നത് ബിടിഎസിന്റെ ശൈലിയായി മാറി.




അവരുടെ ജന്മദിനം കേക്ക് മുറിച്ച് ആഘോഷിക്കുന്ന കുട്ടികൾ നമ്മുടെ നാട്ടിലുണ്ടെന്നു നേരത്തേ പറഞ്ഞു. അതൊരു ആരാധനയായി എടുക്കാമെന്നിരിക്കട്ടെ. കെ-പോപ്പ് സ്വാധീനം മൂലം കൊറിയൻ ഭാഷ പഠിച്ചുതുടങ്ങിയ കുട്ടികൾ ഇവിടെയുണ്ടെന്നത് അതിനേക്കാൾ അത്ഭുതമല്ലേ! ഭാഷ അറിഞ്ഞില്ലെങ്കിലും ബിടിഎസിന്റെ സംഗീതം ആസ്വദിക്കാനാവും. എങ്കിൽപ്പോലും പൂർണതയ്ക്കായി കുട്ടികൾ കൊറിയൻ ഭാഷ പഠിക്കുന്നു. അതിനു സഹായിക്കുന്ന ഡ്യുവോലിംഗോ പോലുള്ള ആപ്പുകൾ പ്രചാരത്തിലായത് കൂടുതൽ ഗുണകരമായി. അവരുടെ പഠന റിപ്പോർട്ട് അനുസരിച്ച് കഴിഞ്ഞവർഷം കൊറിയൻ ഭാഷ പഠിക്കാൻ ഏറ്റവും കൂടുതൽ പേരുള്ള അഞ്ചു രാജ്യങ്ങളിൽ ഒന്ന് ഇന്ത്യയാണ്. തീർച്ചയായും ഇന്ത്യക്കാരിൽ കൂടുതൽ പേർ കേരളത്തിൽ നിന്ന് ആകാനാണ് സാധ്യത.

കോവിഡ് ലോക്ക്ഡൗൺ കാലത്ത് അടച്ചുപൂട്ടപ്പെട്ട ജനത്തിന് പ്രതീക്ഷയും ഉത്സാഹവും പകർന്നവരുടെ കൂട്ടത്തിൽ ഏറ്റവും മുന്നിലാണ് ബിടിഎസ് എന്ന് മ്യൂസിക് സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളുടെ കണക്കുകൾ പറയുന്നു.

## ആർമിയുടെ വിജയങ്ങൾ

ഈ ഏഴു സുന്ദരന്മാരുടെ ആരാധകവൃന്ദത്തിന് ആർമി എന്നാണ് വിളിപ്പേര്. വരികളിലും ഈണത്തിലും ഉണ്ട് അവരുടെ ആ സൗന്ദര്യം. ലളിതമായ ആശയങ്ങൾ പറയുന്ന സുന്ദരമായ വരികൾ, എളുപ്പം ഇഷ്ടപ്പെടുന്ന താളം, മനോഹരമായ കാഴ്ചകൾ മിന്നിമറിയുന്ന വീഡിയോകൾ, ഇവ മൊത്തത്തിൽ പകരുന്ന ആവേശം.. ഇത്രയും മതിയല്ലോ ആർമിക്ക്! 2013ലെ അരങ്ങേറ്റ ആൽബം മുതൽ ജനപ്രീതി മുന്നോട്ടു മുന്നോട്ടു മാത്രം കുതിച്ചു.

സ്വയം സ്നേഹിക്കുക എന്ന സന്ദേശം മിക്കപ്പോഴും അവർ പാട്ടുകളിലൂടെ നൽകി. 2016ൽ ഇറങ്ങിയ യംഗ് ഫോർ എവർ എന്ന ഗാനം ആരാധകർക്കുള്ള സമ്മാനമായിരുന്നു. 2017ൽ ഡിഎൻഎ എന്ന ട്രാക്കോടെ ലോകം ബിടിഎസിനായി ചെവികൂർപ്പിച്ചു തുടങ്ങി. ആരാധകരുടെ ജീവിതശൈലി, കാഴ്ചപ്പാട് എന്നിവയിൽ ബിടിഎസിനോടുള്ള ആവേശം പ്രതിഫലിച്ചു. കഴിഞ്ഞവർഷം ഡൈനമൈറ്റ് എന്ന ട്രാക്കോടെ ലോകമെങ്ങുമുള്ള മ്യൂസിക് ചാർട്ടുകളിൽ ബിടിഎസിനു മുന്നിൽ ആരുമില്ലാത്ത അവസ്ഥവന്നു. ഇക്കഴിഞ്ഞ മേയിൽ പുറത്തിറങ്ങിയ ബട്ടർ ഓരോ നിമിഷങ്ങളിലും യുട്യൂബ് റെക്കോർഡുകൾ തിരുത്തിക്കുറിച്ചു.

തങ്ങളുടെ നേട്ടങ്ങൾ ആരാധക ആർമിക്കു സമർപ്പിക്കാനും ബിടിഎസ് സംഘം മറക്കാറില്ല. നിങ്ങളുടെ സ്നേഹമാണ് ഞങ്ങളെ തിളക്കമുള്ളവരാക്കുന്നത് എന്നാണ് ബിടിഎസിന്റെ പക്ഷം. നേട്ടങ്ങൾ പ്രഖ്യാപിക്കുന്നത് ആർമിക്ക് ഒരു പുരസ്കാരം ലഭിച്ചിരിക്കുന്നു എന്ന മാതൃകയിലാണ്.

വെറുതെ പാട്ടുംപാടി ആഘോഷിച്ച് അർമാദിച്ചു നടക്കുകയല്ല ബിടിഎസ് സംഘം. സമൂഹത്തെ ബാധിക്കുന്ന വിഷയങ്ങളിൽ ശക്തമായ നിലപാടുകൾ എടുത്ത് ഒപ്പം നിൽക്കാനും അവരുണ്ടാകും. ബ്ലാക്ക് ലൈവ്സ് മാറ്റർ കാമ്പയിന് പത്തു ലക്ഷം ഡോളറാണ് അവർ സംഭാവന നൽകിയത്. സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ടുള്ള പ്രചാരണങ്ങൾക്കും അവർ ആത്മാർഥമായി സഹകരിക്കുന്നു.

അപ്പോൾ എന്തായാലും ബിടിഎസ് എന്താണെന്ന് വ്യക്തമായല്ലോ. ഇനി അവരുടെ പാട്ടൊന്നു കേട്ടുനോക്കാം., ജനറേഷൻ ഗ്യാപ് ഇല്ലാതാക്കുകയുമാവാം.



# ഇടവപ്പാതിപ്പോയപ്പോൾ



**കയ്യുമ്മു കോട്ടപ്പടി**

നിങ്ങളും കാണുമായിരിക്കും
ഇടവപ്പാതി നിറവിൽ
പുഴ പോലുള്ള എന്റെ
മുറ്റത്ത്,
ഞാനൊരു കടലാസ്
തോണിയായത്.......

നനഞ്ഞു കുതിർന്നപ്പോൾ
ചില ഇടങ്ങളിൽ
പറ്റിപ്പിടിച്ച ഹൃദയത്തിലും
പടിഞ്ഞാറെ തൊടി
പോലെ
ചാലിട്ടൊഴുകിയത് ....

അന്നുച്ച സൂര്യനെ
ഞാൻ കണ്ടതുമില്ല
ശപിക്കപ്പെട്ട
അഹല്യയെപ്പോലെ
ഞാനുണങ്ങിപ്പോയ
തുമില്ല...

പക്ഷെ,
ഇടവപ്പാതിപ്പോയപ്പോൾ
മുറ്റത്തെ പുഴ വറ്റിയപ്പോൾ
ചൊറി പൂത്ത കാലുകൾ
വേനൽ ചൂടു പോലെ
കീറിപ്പിളരാൻ തുടങ്ങി....

മഴയുടെ നാനാർത്ഥങ്ങ
ളിൽ നിന്നും
വേനലവധിയായെത്തിയ , ചെറുകാറ്റും
,
പൊടിക്കാറ്റും
പറന്നു പൊങ്ങാൻ
തുടങ്ങിയപ്പോഴേക്കും
ഇടവപ്പാതിയുടെ
സ്വപ്നങ്ങളും
കടലാസുവഞ്ചികളും
നനഞ്ഞൊലിച്ച മുറ്റവും
ചെറിയ, ചെറിയ
ചുവന്ന ബിംബങ്ങളായ്
മഴവില്ലു പോലെ
പിന്നീടെന്നിൽ
ഒരു ഭ്രാന്തൻ സൂര്യനായ്
നിറഞ്ഞു കത്തി



# പുല്ലാന്തി



ലേഖ കാക്കനാട്ട്

മൺപാതക്കിരുവശവും പുല്ലാന്തിവള്ളികളായിരുന്നു.. പച്ചില ചാർത്തിനിടയിൽ കുല കുലകളായി നിൽക്കുന്ന പച്ച പുല്ലാന്തിപ്പൂക്കളെ തൊട്ടു തലോടി നിന്നപ്പോൾ വെറുതെ ചിന്തിച്ചു പോയി.. ഇലകളുടെ അതേനിറം.. നന്നായി.. ആരും പെട്ടെന്ന് തിരിച്ചറിയില്ലല്ലോ. ശരിയാണ്. ചിലതൊക്കെ തിരിച്ചറിയാതെ പോകുന്നതാണ് നല്ലത്...

ഇളം മനസ്സിൽ ആദ്യമായി ഉടലെടുത്ത തത്ത്വചിന്തയ്ക്ക് പിന്തുണപ്രഖ്യാപിക്കാനെന്നോണം.. ഉണങ്ങിയ പുല്ലാന്തിപ്പൂക്കൾ പമ്പരം പോലെ മുന്നിൽ കറങ്ങി വീണു.. പൈക്കൾക്ക് പുല്ലരിയാൻ വന്ന കരുവാളിച്ച മുഖമുള്ള അമ്മയോടു ചേർന്ന് പുല്ലാന്തിയെ അടിമുടിവീക്ഷിച്ച് ഒരുകുലപൂക്കളും കൈകളിലേന്തി നിന്നപ്പോഴാണ് വെളുത്ത കൈത്തണ്ട കണ്ട് ആദ്യമായി ഞെട്ടിയത്.. കാരണമറിയാത്ത നിരാശയോടെ കുട്ടിത്തം വിട്ടുമാറാത്ത കൗതുകത്തോടെ വീണ്ടും ചിന്തിച്ചു പോയി..

എനിക്കെന്തേ എന്റെ അമ്മയുടെ നിറം കിട്ടിയില്ല..



# കവര്

വഴികൾ കായലിലേക്കുള്ളതായിരുന്നു.
എങ്കിലും, നമുക്കവ നമ്മിലേക്കുള്ളവയായിരുന്നു.
നിനക്കോ, എനിക്കോ അറിയാത്ത
നമുക്ക് മാത്രം ദൃശ്യമാകുന്ന വഴികൾ.

സന്ധ്യകളുടെ വേലിക്കെട്ടുകളിൽ നിന്ന്
രാവിന്റെ മാറിലേയ്ക്ക് പടർന്ന
ചെമ്പരത്തിച്ചാറിന്റെ ചൂട്.
ചേറ് മണക്കുന്ന തിട്ടകളിൽ
മൂടുപടം അഴിഞ്ഞു വീണ കക്കകളുടെ
ലജ്ജാവിവശമായ മുഖങ്ങൾ.
ഇലയുടുപ്പുകൾക്കിടയിലൂടരിച്ചെത്തുന്ന
നിലാവിന്റെ ഇക്കിളിപ്പൂട്ടുകളിൽ
പുളകിതരാകുന്ന പായൽപ്പൂക്കൾ.

പൂവരശിൻ ചില്ലകൾ വിട്ട്,
കായൽപ്പരപ്പിനെ പുൽകാനണയുന്ന
രാപ്പക്ഷികളായ് നാം മാറവെ,
തണുത്ത ചിറകുകളിൽ നിന്നടർന്ന് വീഴുന്ന
അമേയമായ നീലദ്യുതികൾ
ഓളങ്ങളുടെ കവിളിൽ പടരുന്നു.

രാവിന്റെ മേലാപ്പിലേക്ക്
നാം നീട്ടുന്ന കുടന്നയിൽ
നീന്തിത്തുടിക്കുന്നെത്രയോ നീലരേണുക്കൾ.
അജ്ഞാതവികാരങ്ങളുടെ ആഴങ്ങളിൽ
നിന്നെപ്പോഴോ ഉയിർകൊണ്ട
ഏറെ സൂക്ഷ്മമായ പ്രകാശരേണുക്കൾ.



സോണിവർഗീസ് വാരനാട്

ഇപ്പോൾ നാമറിയുന്നു,
നീലപ്പാടം മുറിച്ചെത്തുന്ന മിന്നാമിന്നികളുടെ
തനുവിൽ നിറയുന്ന ശീതള ഗന്ധം.
നീലവിരികളാൽ ആവൃതമാക്കപ്പെട്ട
ജാലകങ്ങളുടെ രഹസ്യഗന്ധം.
നമുക്കായ് മാത്രം പൂക്കുന്ന
കവരിന്റെ വന്യമാം ഗന്ധം...

**കവര്** – *ചില സൂക്ഷ്മ ജലജീവികൾ പുറപ്പെടുവിക്കുന്ന തണുത്ത നീല വെളിച്ചം.കുമ്പളങ്ങിയിലെ കായലോരങ്ങൾ കവര് പൂക്കുന്ന പ്രതിഭാസത്തിന് പ്രസിദ്ധമാണ്...*






സെയ്തലവി
വിളയൂർ

# പ്രണയമാകുമ്പോൾ

പ്രണയമാകുമ്പോൾ
പല ഭൂഖണ്ഡങ്ങളിൽ
മാറി മാറിത്താമസിച്ച്
ചിതറിപ്പോയ ജീവിതം
ഒറ്റ ഭൂഖണ്ഡത്തിൽ
പുതിയ വീടു വെക്കും..
പല വഴിയിലായി
പറയാതെ
പടിയിറങ്ങിപ്പോയ ചിന്തകൾ
ഒരു കൂട്ടിൽ
പുറത്തിറങ്ങാതെ
സ്വയം അടച്ചിരിപ്പാവും..
രണ്ടു പേർ മാത്രം
ജനസംഖ്യയുള്ള
ഒരു രാജ്യമുണ്ടാവുകയും
അടിച്ചേൽപിക്കാതെ തന്നെ
അവർക്ക് മാത്രമറിയാവുന
ഒരേ ഭാഷയും സംസ്കാരവും
നിലവിൽ വരികയും ചെയ്യും..
അയൽ രാജ്യങ്ങളിലേക്ക്
നിർലോഭം കയറ്റുമതി
ചെയ്തിരുന്ന വാക്കുകൾ
പുതിയ രാജ്യത്തേക്ക്
മാത്രമായി ചുരുക്കും..
അന്നേരം
ആഭ്യന്തര അന്തർദേശീയ
ബന്ധങ്ങളിൽ വിള്ളൽ വീഴും..
രാജ്യങ്ങളുടെ ബഹിഷ്കരണത്തിൽ
പ്രണയ രാജ്യം ഒറ്റപ്പെട്ടു പോകും..
കൃത്യത പാലിച്ച്
എത്തിയിരുന്ന ഉറക്കത്തിന്
കൃത്യവിലോപം മൂലം
ജോലി നഷ്ടപ്പെടും..
കുത്തും കോമയും നഷ്ടപ്പെട്ട
വാചകങ്ങൾ
ഉദ്ദേശിച്ച അർത്ഥം കിട്ടാതെ
കിടന്ന് പരുങ്ങും..
പ്രായം രണ്ട് കൊണ്ട്
ഹരിക്കപ്പെടുന്നതോടൊപ്പം
ദൂരക്കാഴ്ച്ചയും കേൾവിയും
പകുതിയായ് കുറക്കും..
ഇടവഴികൾ
രാജ്യ വീഥികളും
വാകമരച്ചുവടുകൾ
കൊട്ടാരവളപ്പിലെ
ഉദ്യാനവുമാവും..
അപ്രതീക്ഷിതമാണ്
പ്രണയത്തിന്റെ വഴികളൊക്കെയും..
പ്രണയത്തോടൊപ്പം
യാത്ര തിരിക്കുന്ന നമ്മൾ
ചിലപ്പോൾ കുതിക്കും
അല്ലേൽ കിതക്കും
രണ്ടുമല്ലെങ്കിൽ
മരിക്കും...



# തിരക്ക്



തസ്‌നി ജബീൽ

ആകാശം മൂടിക്കെട്ടിയിരുന്നു .ഒരു കാറ്റുപോലുമില്ലാതെ പ്രകൃതി നിശ്ചലമായിരിക്കുന്നു .എന്നത്തേയും പോലെ അലസമായി കടന്നുപോകുന്ന ഒരു ദിനം .ഓർമ്മകൾ തികട്ടിവന്നു .

എന്നും തിരക്കായിരുന്നു .ഓഫീസ് ,വീട് ,കുടുംബം ,തിരക്കുകളിൽ നിന്നും രക്ഷപ്പെട്ട് ഇഷ്ടമുള്ള പാട്ടുകൾ കേൾക്കാൻ ,പുസ്തകങ്ങൾ വായിക്കാൻ ,ഇഷ്ടമുള്ളയിടത്തേക്ക് യാത്രകൾ പോകാൻ എല്ലാം ഒരുപാടാഗ്രഹിച്ചു .പക്ഷെ അവൾക്കൊന്നിനും സമയം തികഞ്ഞില്ല .ഓഫീസിലെയും വീട്ടിലേയും ജോലികൾ ചെയ്തു തീർക്കാൻ തന്നെ നന്നേ പാടുപെട്ടു .തിരക്കുകളിലൂടെ ഒഴുകി ജീവിതത്തിന്റെ മുക്കാൽ ഭാഗവും തീർന്നു .

ഇന്ന് ഏകാന്തത അവളെ വീർപ്പ് മുട്ടിക്കുന്നു .മക്കൾ വലുതായി ദൂരദേശങ്ങളിൽ ജോലി തേടിപോയി .അദ്ദേഹമാകട്ടെ അപ്രതീക്ഷിതമായി ഒരുദിനം മടങ്ങി വരാത്ത യാത്രപോയി .ജോലിയിൽ നിന്നും വിരമിക്കൽ കൂടിയായപ്പോൾ

അവളുടെ തിരക്കുകളുടെ ലോകം അവസാനിച്ചു .അപ്പഴേക്കും എന്നും താലോലിച്ചു കൊണ്ടുനടന്ന സംഗീതം ,യാത്ര ,വായന എന്നീ ഇഷ്ടങ്ങളെല്ലാം അവളിൽ നിന്നും വിടപറഞ്ഞു .ഇപ്പോൾ അവൾക്കിഷ്ടം ആ തിരക്കുള്ള കാലത്തേക്ക് തിരികെ പോകാനായിരുന്നു .

പക്ഷെ ജീവിതം തിരക്കിട്ട് ഓടി വഴികളത്രയും തീരാറായിരിക്കുന്നു എന്നോർത്ത് അവളിൽ ഒരു നെടുവീർപ്പുയർന്നു.

# സാലഭഞ്ജിക



രമ പിഷാരടി

നൃത്തം തുടങ്ങുന്നു നീ സാലഭഞ്ജികേ!
കത്തുന്ന തീയാണിതെന്നിൽ
ശബ്ദങ്ങളില്ലാത്ത മൃത്യുഘോഷത്തിന്റെ-
കൽത്താമരക്കുളം പോലെ.
നിശ്ശബ്ദമെല്ലാമൊടുങ്ങുന്ന പാതിരാ-
ക്കെട്ടിന്നമാവാസി പോലെ.
സത്രങ്ങളും ഉറങ്ങുന്നു പാഴ്നാവിന്റെ
ഖഡ്ഗങ്ങൾ ചിത്തം മുറിക്കെ;
വൃദ്ധിയിൽ, പിന്നെക്ഷയിച്ച് പോകും
നിലാക്കുന്നിന്റെയാഴത്തിലെങ്ങോ
അന്ധകാരം ചുരുൾമേഘങ്ങളായ്
പടർന്നന്തിയ്ക്ക് കൂട്ടായിരിക്കെ;
അന്തർഗതങ്ങൾ മറയ്ക്കുന്ന നിൻ
ശിരോമണ്ഡലം തേടി ഞാൻ വന്നു.
വീതുളിക്കൈയ്യാൽ പിളർന്ന നിൻ
മാറിലെ ശോണവടുക്കണിൽ നിന്ന്
ഘോരരണപടയോട്ടങ്ങൾ കണ്ട-
നൂറ്റാണ്ടുകളോടിവരുന്നു
തൊട്ട് നോക്കി നിന്റെ കൽഹൃദയം
ഞാനുമുച്ചിയിൽ സൂര്യൻ ജ്വലിക്കെ!

നൃത്തമാടുന്നുണ്ടതിന്നും ശീരോമാല്യ-
രത്നലിഖിതങ്ങൾ പോലെ,
കൃഷ്ണപക്ഷത്തിന്റെ ചായങ്ങൾ-
മായ്ക്കുന്ന നക്ഷത്രമണ്ഡലം കാൺകെ
നൃത്തം തുടങ്ങുന്നു നീ സാലഭഞ്ജികേ
ചിത്രച്ചുമർക്കളം തന്നിൽ

കൊത്തിവയ്ക്കുന്ന നിന്നോർമ്മയിൽ
ബുദ്ധന്റെ സത്യഗയകളുണ്ടാമോ?

*ഹമ്പിയിലും, *ഹളേബീടിലും, കണ്ടത്
നിൻ പുരാവൃത്തസ്തൂപങ്ങൾ

*ബാദാമിയിൽ, *പട്ടടക്കല്ലിനപ്പുറം
കാലം നടന്നു പോകുന്നു
നിന്റെയോളങ്ങൾ ഘടപ്രഭേ!
കണ്ടുകണ്ടിന്നത്തെ നൂറ്റാണ്ടിലെത്തി
പിന്നിലും മുന്നിലും ചിത്രങ്ങൾ കൊത്തുന്ന
ശില്പിയെ പോലെ ഋതുക്കൾ
കൽക്കെട്ടിലല്പമിരിക്കവെ
കണ്ണിലേയ്ക്കിറ്റ് വീഴുന്ന മഴകൾ
നൃത്തച്ചിലമ്പുകൾ നിൻ കാലിൽ
നിന്നൂർന്നു നൃത്തം തുടങ്ങുന്നു വീണ്ടും..



(*ബാദാമി (വാതാപി), പട്ടടക്കല്ല് കർണ്ണാടകയിലെ ചരിത്രസ്മാരകങ്ങളാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള ഹാസൻ ജില്ലയിലെ ഹളേബീടിലെ ചരിത്രശില്പങ്ങൾ തകർക്കപ്പെട്ട നിലയിലാണ്. ബാഗൽക്കോട്ട് ജില്ലയിലെ പട്ടടക്കല്ല്, ബെല്ലാറി ജില്ലയിൽ തുംഗഭദ്ര നദിക്കരയിലെ ഹമ്പി എന്നിവ യുണെസ്കോ പൈതൃകകേന്ദ്രങ്ങളിൽ ഉൾപ്പെട്ട ചരിത്രസ്മാരകങ്ങളാണ് )

നിങ്ങൾ അവളുടെ
മൗനത്തെ സമ്മതമെന്ന
വാക്കിൽ കൊരുത്തിയിടുന്നോ?

വേണ്ട...

മൗനം എന്നത് ഒറ്റവാക്കാണ്.
ആഴങ്ങളിൽ നിന്നും
അവളൊറ്റയ്ക്ക് ഖനനം
ചെയ്തെടുത്ത വാക്ക്.

അടിച്ചമർത്തപ്പെട്ട വേദനകൾ
ഊതി കത്തിക്കുന്ന,
സ്വപ്നങ്ങളും മോഹങ്ങളും
തിളച്ചു ലാവയായി മാറിയ
ഒരഗ്നിപർവ്വതത്തിന്റെ
മേൽമൂടിയായി അവൾ
മൗനത്തെ ധരിക്കാറുണ്ട്.

നിങ്ങൾ വാക്കുകൾ കൊണ്ട്
അവളുടെ മൗനത്തെ
ചൊടിപ്പിക്കരുത്.

ഒരിക്കൽ മേൽമൂടി മാറ്റം
ചെയ്യപ്പെട്ടാൽ; ചുറ്റും
കത്തിച്ചാമ്പലാകും.

ചുറ്റും പടരുന്ന ഇരുട്ടിലും
ചൂട് കൊണ്ട് നിങ്ങളുടെ
തൊലിയുരിക്കപ്പെടും.

അവളിലേക്ക് ഒഴുകിയെത്തിയ
പുഴയെ കുടിച്ച് വറ്റിക്കും.

പിന്നെയെല്ലാം നിശ്ചലമാകും....

അപ്പോഴേക്കും...
അവളൊഴുക്കിയ അഗ്നി
അവിടെയൊരു ശ്മശാനം
തീർക്കും......

***

# മൗനം





ഐഷു ഹഷ്ന

കഥ

# പണിമുടക്ക്





ടോബിൻ കുമരകം

**ദൈ**വത്തിനു മുമ്പിലുള്ള പെട്ടിയിൽ ഏതാനും നോട്ടുകളിട്ട് അവൾ പ്രാർത്ഥിച്ചു.

ദൈവമേ... എന്റെ മക്കൾക്ക് നന്നായി പഠിക്കുവാൻ അനുഗ്രഹം തരണമേ.. ദൈവം അവരുടെ

പ്രാർഥന കേട്ടു. അവർ പഠിച്ച് ഉന്നതവിദ്യാഭ്യാസം നേടി.

പിന്നീടവർ വീണ്ടും ദൈവത്തിന്റെ പെട്ടിയിൽ നോട്ടുകളിട്ട് പ്രാർത്ഥിച്ചു.

ദൈവമേ.. എന്റെ മക്കൾക്ക് നല്ല ജോലി കൊടുക്കേണമേ.. ദൈവം അവരുടെ പ്രാർത്ഥന കേട്ടു.

അവരുടെ മക്കളെല്ലാം ഉയർന്ന വരുമാനമുള്ള ജോലിക്കാരായി മാറി.

വീണ്ടും അവർ ദൈവത്തിനു മുമ്പിലുള്ള പെട്ടിയിൽ നോട്ടുകളിട്ട് പ്രാർത്ഥിച്ചു.

ദൈവമേ.. എന്റെ മക്കൾക്ക് നല്ല ഭാര്യാഭർത്താക്കന്മാരെ കൊടുക്കേണമേ.. ആ പ്രാർത്ഥനയും ദൈവം കേട്ടു. അവർക്ക് നല്ല നല്ല സ്വഭാവഗുണമുള്ള ഭാര്യാഭർത്താക്കന്മാരെ ലഭിച്ചു.

അങ്ങനെ അവർക്ക് ദൈവത്തോടുള്ള അപേക്ഷ നാൾക്കുനാൾ കൂടിക്കൊണ്ടിരുന്നു.

അപ്പോഴായിരുന്നു ആ നാട്ടിൽ പകർച്ചവ്യാധി പടർന്നു പിടിച്ചത്. ആർക്കും അത്യാവശ്യത്തിനല്ലാതെ പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥ. ദൈവാലയങ്ങൾ പണിമുടക്കിയപ്പോൾ ഒരു ദിവസം ദൈവം ഒരു സ്വപ്നത്തിൽ വന്ന് അവളോട് പറഞ്ഞു.

ദിനംതോറും മനുഷ്യരുടെ ആർത്തിമൂത്തുള്ള അപേക്ഷ കേട്ട് മനസ്സു മരവിച്ചു. ഇനി എന്റെയടുത്തേക്ക് തൽക്കാലം വരണ്ട. ഞാനൊന്നു കുറച്ചു നാൾ വിശ്രമിക്കട്ടെ. എന്റെ മുമ്പിലുള്ള പെട്ടിയിൽ നോട്ടിടാതെ ഇനി വീട്ടിലിരുന്ന് പ്രാർത്ഥിച്ചുകൊള്ളൂ. അങ്ങിനെയുള്ള പ്രാർത്ഥനയും ഞാൻ കേൾക്കും.

അവൾ ഉറക്കമെണീറ്റപ്പോൾ അതൊരു സ്വപ്നമാണെന്ന് മനസ്സിലാക്കുകയും കുറച്ചുനാൾ ദൈവം പറഞ്ഞതുപോലെ പ്രാർത്ഥിക്കാൻ തീരുമാനിക്കുകയും ചെയ്തു.

# കല്ലുകൊണ്ടൊരു പെണ്ണ്



ഷഫീന സൈത്തൂൻ

വയറ്റിൽ
പൊടിപ്പുള്ള ജാനു
പെറ്റു മുപ്പതാംനാൾ
കല്യാണിക്കും
സരസുവിനും
ഇസ്സാക്കിമുത്തുവിനുമൊപ്പം
കല്ലുകൊണ്ട് കളം വരച്ചു.

ഉടഞ്ഞു വീഴുന്ന
കരിങ്കൽ ചീളുകളെ
ജീവിതത്തിന്റെ അക്കങ്ങൾക്കൊപ്പം
ചേർത്തു വച്ച് കവിത കുറിച്ചു.

പാഥേയത്തിനുള്ളിലെ ചോറിനും,
ഒരുരുള ചമ്മന്തിക്കുമിടയിൽ മുലപ്പാൽ
ത്രസിച്ചുനിന്ന മാറിടം ചുരത്തിയപ്പോഴും
ഓലചീളുകൊണ്ട് മെടഞ്ഞ
കൈവളയങ്ങളിലെ
ഇത്തിരിയിടങ്ങളിൽ
ഓരോകല്ലും പൊട്ടിപ്പിളർന്നു...
തീപ്പൊരിചിതറി....

പാതയോരത്ത്
കള്ളിമുണ്ടുടുത്ത്
അവളുമൊരു ശിലയായ് മാറി !

അവൾ
പൊലിഞ്ഞുപോയിട്ട് കുറെ കാലങ്ങളായി...
എന്നിട്ടും ഞാനവളെ കാണുന്നു,
ഉടഞ്ഞ മണ്ണിൽനിന്ന്
ഉയിരിട്ട കുടം പോലെ !

എന്താണ് കാലം?
അസ്വസ്ഥതയോടെ
ഋതുക്കളിലേക്ക് ഞാൻ
ഉറ്റു നോക്കുന്നു


കാലവും നീയും
പ്രപഞ്ചത്തിലുള്ളത്
ഒന്നും സ്മൃതിയിലൂടെ
ഇല്ലാതാകുന്നില്ല.

ഞാനോ,
ഇന്ന്
കാലത്തിലൂടെ ഒരു ശിലയായ്
മാറുന്നത് പോലെ



കുറുങ്കവിതകൾ

# സ്ഥലപുരാണങ്ങൾ



**ഒന്ന് –: അട്ടപ്പാടി**

അരിമണി കൊത്തിപ്പറക്കവേ
അമ്പേറ്റു വീണ പ്രാവിന്റെ
കണ്ണിലെ
കറുത്ത വിശപ്പ്
കാര്യമൊന്നുമില്ലങ്കിലും
ന്യായാധിപനെ
തുറിച്ചു നോക്കുന്നുണ്ടായിരുന്നു...........

**രണ്ട് –: വാളയാർ**

ക്ഷമയുള്ള ചെന്നായ ആയിരുന്നത്രേ.
ആദ്യം വലുത്
പിന്നെ ചെറുത്.
മുയലുകൾക്ക്
അത് മനസിലാവില്ലന്ന് സാക്ഷിമൊഴി .........

**മൂന്ന് –: ചെങ്ങന്നൂർ**

മരണ കാരണം
പ്രണയമെന്ന്
പോസ്റ്റ്മാർട്ടം റിപ്പോർട്ട് ...................



**എം.കപിൽദേവ്**

# അഴിയാക്കുരുക്ക്



ആഭരണങ്ങളോരോന്നായി
വലിച്ചൂരിയെറിയുമ്പോഴും
അഴിയാക്കുരുക്കായൊരു നാഗം
കഴുത്തിൽ ചുറ്റിക്കിടക്കുന്നു.

സീൽക്കാര ധ്വനിയോടെ
കഴുത്തിൽ നക്കിത്തുടയ്ക്കുന്നുണ്ട്
നീണ്ട നാവിൻ പശപശപ്പുകളുടെ
ചവച്ചുതുപ്പിയ ഓർമ്മച്ചണ്ടികൾ.

വൽക്കലച്ചെതുമ്പലുകളുടെ
മൂർച്ചപൊന്തിയ പല്ലുകൾ
ഉളിപോലെ മാറിലുരസി
വിയർപ്പൂറ്റിക്കുടിച്ചു രസിക്കുന്നു.

കഴുത്തിൽനിന്നൂഴ്ന്നു മാറിൻ
ചൂടേറ്റു പുളയുമ്പോഴുമാ കുരുക്കൊരു
അട്ടഹാസച്ചിരി ചിരിക്കാറുണ്ട്.
അന്ധകാരത്തടവറയഴികളിൽത്തട്ടി
പ്രതിബിംബിക്കുമാ മാറ്റൊലിയപ്പോഴും.



എ.കെ. അനിൽകുമാർ



# കയ്യൊപ്പ്

തിരയുകയായിരുന്നു ഞാൻ.

ഉറപ്പുണ്ടായിരുന്നുവെനിക്ക്,
ആ ചില്ലലമാരയിലെ
പുസ്തകങ്ങൾക്കിടയിൽ,

ആ എഴുത്ത് മേശയുടെ
മഞ്ഞയിൽ ചുവന്ന പൂക്കളുള്ള
വിരിപ്പിനടിയിൽ,

അതുമല്ലെങ്കിൽ പടിഞ്ഞാറേ
തൊടിയിലെ പാരിജാതത്തിന്റെ
ആർക്കുമറിയാത്ത പൊത്തിനുള്ളിൽ,
ഉണ്ടാകുമെന്നുറപ്പായിരുന്നുവെനിക്ക്.

പക്ഷേ..,
കണ്ടുകിട്ടിയതോ..

നാല്മണി ചായയുടെ തേയിലച്ചണ്ടി
ചാരത്തിൽ കൊട്ടുമ്പോൾ
വെണ്മയിൽ പുകക്കറ പിടിച്ച്
അരിക് കത്തിയൊരു തുണ്ട്..

ഭാഗ്യം
എനിക്ക് വേണ്ടതുണ്ടതിൽ

ഒരുപാടാവർത്തിയിട്ട് ഒരു കുത്തിൽ
അവസാനിപ്പിച്ചീട്ടും
മതിയാകാതുപേക്ഷിച്ചൊരു കയ്യൊപ്പ്.

എന്റേത് മാത്രമായ,
എനിക്കാകെ സ്വന്തമെന്നവകാശമുള്ള
മറന്നു മറന്നു പോയ എന്റെ കയ്യൊപ്പ്.



ബിൻസി സുജിത്

# കല്യാണം



'ഹോ ...... ശ്വാസംമുട്ടുന്ന പോലെ... ' മനസ്സിൽ പിറുപിറുത്തുകൊണ്ട് വൃദ്ധൻ മാസ്ക് താടിയിലേക്ക് ഊർത്തിയിട്ടു. തൊണ്ണൂറ് വയസ്സ് വരെ ശുദ്ധവായു ശ്വസിച്ചു നടന്നതാ....ഇതിപ്പോൾ അല്പം വെള്ളത്തിൽ കിടന്ന് പിടയ്ക്കുന്ന മീൻ പോലെ.

'അപ്പച്ചൻ മാസ്ക് ഊരരുത്ട്ടോ ... കല്യാണത്തിന് വരുന്നവരിൽ ആർക്കെങ്കിലും കൊറോണയുണ്ടോന്ന് അറിയാൻ പറ്റില്ല .....'

ഇളയ മകൾ പറഞ്ഞത് ഓർത്തു. അവൾക്കാണ് തന്റെ ആരോഗ്യകാര്യത്തിൽ കൂടുതൽ ശ്രദ്ധ. പറഞ്ഞിട്ട് കാര്യമില്ല, ടീച്ചറാണ്. ഉപദേശം കൂടും. പതുക്കെ ചുറ്റും നോക്കി.ഇല്ല.. അവൾ സ്റ്റേജിനടുത്താണ്. കൊറോണയാണെങ്കിലും ആഘോഷത്തിന് കുറവൊന്നുമില്ല. പാട്ടിന് പാട്ട്, ഡാൻസിന് ഡാൻസ്. ആൾക്കൂട്ടം ഇല്ലെന്നു മാത്രം.

' വല്യപ്പച്ചാ.... എന്താ ഒറ്റയ്ക്ക് ഇരിക്കുന്നത് ?

മാസ്ക് ഊരല്ലേ' പറഞ്ഞതും അനുജന്റെ മകൻ ജോയി മാസ്ക് എടുത്തു മൂക്കിനു മുകളിൽ വച്ചതും ഒപ്പമായിരുന്നു.

'കുറച്ച് ശുദ്ധവായു ശ്വസിക്കട്ടേടാ മോനേ...'

'അത് ഇനി വീട്ടിൽ ചെന്നിട്ട് മതി ... അല്ലെങ്കിൽ പണികിട്ടും വല്യപ്പച്ചാ'

അവൻ പറഞ്ഞത് കേട്ട് പതുക്കെ തലയാട്ടി. അല്ലാതെന്തു ചെയ്യാൻ!

സ്റ്റേജിൽ പാട്ടും കൂത്തും ഗംഭീരമായി നടക്കുകയാണ്. പേരക്കിടാവ് മിഥുനും മണവാട്ടിപ്പെണ്ണും മത്സരിച്ച് ഡാൻസ് കളിയാണ്. കൂടെ കുറേ കൂട്ടുകാരും. ഇപ്പോഴത്തെ പിള്ളേരുടെ ഒരു തുള്ളലുകള് !



മിനി വർഗീസ്

കൊറോണ, കൊറോണ എന്ന് ഏതു നേരവും പറഞ്ഞുകൊണ്ടിരുന്ന മാത്യൂസും ആനിയും റാണിയുമൊക്കെ കയ്യടിച്ച് ആഘോഷം കൊഴുപ്പിക്കുന്നുമുണ്ട്. ഇപ്പോൾ കൊറോണ ചിന്തയൊന്നുമില്ല ആർക്കും. വൃദ്ധന് മനസിൽ ചെറിയ ദേഷ്യം വന്നു. ഇങ്ങനെ തുള്ളിക്കളിച്ചാലേ കല്യാണമാവൂന്നാ ഇവരുടെയൊക്കെ വിചാരം... എന്താ കഥ!

സ്റ്റേജിലെ ബഹളങ്ങൾ കണ്ടിരുന്നു കുറച്ചുനേരം. ഫോട്ടോഗ്രാഫറുടെ പറച്ചിലിനൊപ്പിച്ച് ചെക്കനും പെണ്ണും തകർത്തഭിനയിക്കുകയാണ്. ഇനി തലകുത്തി നിർത്തിയുള്ളതും കൂടി എടുക്കായിരുന്നു.... വൃദ്ധന് മനസ്സിലൊരു ചിരി വന്നു.

ഫോട്ടോക്കിടക്ക് മിഥുൻമോൻ മണവാട്ടിപ്പെണ്ണിന്റെ ചെവിയിൽ എന്തോ പറയുന്നതും അവളുടെ മുഖം നാണത്താൽ ചുവക്കുന്നതും കണ്ട് വൃദ്ധൻ ഒന്നു പുഞ്ചിരിച്ചു. കൊല്ലങ്ങൾക്കുമുമ്പ് കല്യാണനാളിൽ നാണിച്ചു നിന്നിരുന്ന റോസിയുടെ മുഖം അയാൾ പെട്ടെന്ന് ഓർത്തു... റോസി എന്ന പേര് ശരിക്കും യോജിക്കുന്ന തരത്തിൽ ഇളംറോസ് നിറമായിരുന്നു തന്റെ റോസിക്ക്. ഇപ്പോഴത്തെ കല്യാണപ്പെണ്ണുങ്ങളുടെ പോലെ ദിവസങ്ങളോളം ബ്യൂട്ടിപാർലറിൽ പോയി കിടന്ന്, ഇഞ്ച് കണക്കിന് മേക്കപ്പ് ചെയ്ത് നിൽക്കുന്നത് പോലെയായിരുന്നില്ല അവൾ. മുഖത്തൊരു പൗഡർ പോലുമിടാതെ അതീവ സുന്ദരിയായിരുന്നു തന്റെ റോസി അന്ന്....

അര മണിക്കൂറോളം നടന്നാണ് അന്നൊക്കെ പള്ളിയിൽ പോയിരുന്നത്. ഒരു ഞായറാഴ്ച കുർബാന കഴിഞ്ഞ് പോരാൻ തുടങ്ങുമ്പോഴാണ് ചാമ്പക്ക ചുവപ്പുള്ള ചുണ്ടുകളുള്ള റോസിയെ ആദ്യമായി കണ്ടത്. കണ്ടപ്പോഴേ അവൾ മനസ്സിൽ കയറിക്കൂടി. ഇപ്പോഴത്തെ പിള്ളേരുടെ പോലെ പുറകെ നടക്കലോ ഫോൺ വിളികളോ ഒന്നുമില്ല അന്ന്. മനസ്സിൽ തോന്നിയ ഇഷ്ടം ആരോടും പറഞ്ഞുമില്ല. പറയാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല എന്നതാണ് സത്യം. ഉഗ്രപ്രതാപിയായ അപ്പന്റെ മുൻപിൽ ഒന്ന് നിൽക്കാനുള്ള തന്റേടം പോലുമുണ്ടായിരുന്നില്ല അന്നൊക്കെ.

ഞായറാഴ്ചകളാവാൻ തിടുക്കമായിരുന്നു റോസിയെ കണ്ടു കഴിഞ്ഞതിൽപ്പിന്നെ. കുർബാന കഴിഞ്ഞ് ആദ്യം പുറത്തിറങ്ങും. കൊടിമരത്തിനു താഴെ ഒന്നുമറിയാത്തപോലെ നോക്കി നിൽക്കും, റോസി വരുന്നത് കാണാൻ. അവളെ കാണുമ്പോൾ ചെറുമഴയിൽ നനയുന്നൊരു അനുഭവമായിരുന്നു. തന്റെ ഹൃദയമന്ന് സ്വപ്നങ്ങൾ കൊണ്ട് നിറയുമായിരുന്നു. റോസിയെ സ്വന്തമാക്കണം എന്ന ആഗ്രഹം കൂടിയപ്പോൾ അമ്മയോട് പറയാം എന്ന് ഉറപ്പിച്ചു.

'എന്താടാ ജോസുകുട്ടി ഈ അടുക്കളയിൽ കിടന്നു പരുങ്ങുന്നത് ?'

പതിവില്ലാതെ അടുക്കള ഭാഗത്ത് കറങ്ങി നടക്കുന്ന തന്നെ കണ്ട് അമ്മ ചോദിച്ചത് ഒരു തക്കമായിട്ടെടുത്തു.

'അമ്മ എന്താ ഇവിടെ ചെയ്യുന്നതെന്നറിയാൻ വന്നതാ'

'ങും.. ഇത്രനാളും ഇല്ലാത്ത ഒരു അമ്മ സ്നേഹം ഇപ്പോഴെവിടുന്നാ ...... പറ ജോസുകുട്ടി .... എന്താ കാര്യം ? അപ്പന്റെ കയ്യിൽ നിന്ന് പൈസ വല്ലതും വേണോ?'

'ഏയ്..... അതൊന്നുമല്ല'

'പിന്നെ ?'

'അമ്മ എന്നെ വഴക്ക് പറയരുത്. അപ്പനോട് പറഞ്ഞ് അത് സമ്മതിപ്പിച്ചു തരണം ... തരാമോ?'

'എന്താ കാര്യം? നീ പറ... എന്നെക്കൊണ്ട് പറ്റുന്നതാണെങ്കിൽ ഞാൻ ചെയ്യാം'

' അത്...അത് അമ്മേ, നമ്മുടെ പള്ളിയിൽ വരുന്ന നല്ല ഭംഗിയുള്ള ഒരു പെൺകുട്ടിയെ അമ്മ കണ്ടിട്ടുണ്ടോ? ആ തെക്കേ മൂലയിൽ നിന്നും വരുന്ന ...'

'ആഹാ ... അപ്പോ അതാണ് കാര്യം.. മാത്തുക്കുട്ടിയുടെ മോൾ റോസി അല്ലേ? ചുമ്മാതല്ല അടുക്കളക്ക് ചുറ്റും കിടന്നുള്ള കറക്കം'

നല്ലൊരു ചിരിയോടെ അമ്മ പറഞ്ഞത് കേട്ട് ശരിക്കും ചമ്മി നിന്നു.

'ങാ..ഞാനും കണ്ടിട്ടുണ്ട്. ഞാനിത് നിന്റെ അപ്പനോടൊരിക്കൽ പറഞ്ഞിരുന്നു, നിന്നെ ക്കൊണ്ട് കെട്ടിച്ചെങ്കിലോന്ന്. നല്ല അടക്കവും ഒതുക്കവുമുള്ള പെണ്ണാ... എല്ലാം കൊണ്ട് നമുക്ക് ചേരും. അപ്പന്റെ നല്ല നേരം നോക്കി ഞാൻ ഒന്നു കൂടെ പറയാം .. മതിയോ ?'

അമ്മയുടെ വാക്കുകൾ തേനൊലികളായി തോന്നി. പിന്നീട് അധികം വൈകാതെ തന്നെ പെണ്ണുകാണൽ ചടങ്ങ്. അപ്പനുമൊത്ത് റോസിയുടെ വീട്ടിൽ ചെന്നു. റോസി, അന്ന് തന്റെ മുഖത്തേക്കൊന്ന് നോക്കിയത് പോലുമില്ല. നാണിച്ചു തല താഴ്ത്തി നിന്നതേയുള്ളൂ അവൾ. ശരിക്കും ഒരു മാലാഖയേക്കാൾ ഭംഗിയുണ്ടായിരുന്നു റോസിക്കന്ന്...

കല്യാണദിവസം പള്ളിയിൽ നിൽക്കുമ്പോഴും തികച്ചും അന്യരെപ്പോലെയാണ് റോസിയും താനും നിന്നിരുന്നത്. അപ്പനെയും അമ്മയെയും പേടിച്ചിട്ട് റോസിയുടെ മുഖത്തേക്കൊന്ന് നോക്കാൻ പോലും അന്ന് തനിക്ക് ധൈര്യമുണ്ടായിരുന്നില്ല. താലി കൊരുത്ത മാലയുടെ ചരട് പള്ളീലച്ചൻ കയ്യിൽ തന്നപ്പോൾ ഒരു വിറയലോടെയാണ് റോസിയുടെ കഴുത്തിൽ കെട്ടിയത്. അധികം ആളോ അരങ്ങോ ഇല്ലാതിരുന്ന കല്യാണം.. കല്യാണം കഴിഞ്ഞ് കുറേ നാളുകൾ കഴിഞ്ഞാണ് റോസി തന്നോടൊന്ന് മുഖത്തുനോക്കി സംസാരിക്കാൻ പോലും തുടങ്ങിയത്. ശാന്തമായൊഴുകുന്ന പുഴ പോലെ

യായിരുന്നു തങ്ങളുടെ ജീവിതം. മക്കൾ നാലുപേരും റോസിയും ഒത്തുള്ള ജീവിതം സന്തോഷവും സമാധാനവും നിറഞ്ഞതായിരുന്നു .... വർഷങ്ങൾ എത്ര പെട്ടെന്നാണ് പോയത്!

ആറു കൊല്ലം മുൻപാണ് റോസി തന്നെ വിട്ട് പോയത്. സ്ട്രോക്ക് വന്ന് ഒരു വശം തളർന്നു പോയ റോസിയെ കണ്ട നാൾ തന്റെ നെഞ്ച് പൊട്ടിപ്പോകുന്ന പോലെയുള്ള അനുഭവമായിരുന്നു. റോസിയുടെ കൈകളിൽ പിടിച്ച് ദിവസവും കുറേനേരം താൻ അങ്ങനെ ഇരിക്കുമായിരുന്നു. തന്നോടെന്തോ പറയാനുണ്ടെന്ന് അവളുടെ കണ്ണുകൾ കണ്ടാൽ അറിയാമായിരുന്നു തനിക്ക്. പക്ഷേ, പറയാൻ തുടങ്ങുമ്പോഴെല്ലാം നാക്ക് കുഴഞ്ഞ് വേറെ എന്തൊക്കെയോ ശബ്ദങ്ങളാണ് പുറത്തുവന്നത്.

'ഒന്നും പറയണ്ട ... എനിക്കെല്ലാം മനസ്സിലാകും..' എന്ന് പറഞ്ഞ് കൈവെള്ളയിൽ തിരുമ്മിക്കൊടുക്കും. അപ്പോഴൊക്കെ അവളുടെ കൺകോണുകളിൽ മിന്നാറുള്ള കണ്ണുനീർത്തുള്ളി കൈകൊണ്ട് പതുക്കെ തൂത്ത് കൊടുക്കുമ്പോൾ സ്നേഹത്തിന്റെ മിന്നലുകൾ ആ കണ്ണുകളിൽ തെളിയുന്നത് കാണാമായിരുന്നു.

'അപ്പച്ചന് അമ്മച്ചിയെ പിരിഞ്ഞ് ഒരു നിമിഷം ഇരിക്കാൻ വയ്യാട്ടോ...', മാത്യൂസിന്റെ ഭാര്യ ആനി അന്നൊരിക്കൽ മൂത്ത മോളോട് ചിരിച്ചുകൊണ്ട് പറയുന്നത് കേട്ടു.

'ശരിയാ .. ഇണക്കുരുവികൾ അല്ലായിരുന്നോ...' മൂത്ത മോളുടെ ചിരി മൂടിയ മറുപടിയും കേട്ടു. അതേ... ആയിരുന്നു, ഇണക്കുരുവികൾ തന്നെയായിരുന്നു...

മൂന്നു മാസങ്ങൾ റോസി ആ കിടപ്പ് കിടന്നു. പിന്നെ പിന്നെ റോസി തന്നെപ്പോലും തിരിച്ചറിയാണ്ടായി. തന്നെ തിരിച്ചറിഞ്ഞില്ലെങ്കിലും വേണ്ടില്ല, റോസി ഇവിടെ ഉണ്ടായാൽ മതി എന്നായിരുന്നു അന്നൊക്കെ ചിന്തിച്ചിരുന്നത്.

'അമ്മച്ചിയെ നോക്കാൻ ഹോം നേഴ്സിനെ ഒരാളെ വെക്കാൻ പോകുവാ അപ്പച്ചാ..'

ഒരു ദിവസം മാത്യൂസ് പറഞ്ഞത് കേട്ട് താനന്ന് വല്ലാതെ ദേഷ്യപ്പെട്ടു.

'റോസിയെ ഞാൻ നോക്കിക്കൊള്ളാം. ഒരു നഴ്സിനേം വെക്കണ്ട '

നല്ല ഉയർന്ന ശബ്ദത്തിലാണ് അന്നത് മാത്യൂസിനോട് പറഞ്ഞത്.

'അത് അപ്പച്ചാ, നമ്മൾ നോക്കുന്നതിനേക്കാൾ കൃത്യമായി ഹോംനേഴ്സ് നോക്കും'

'വേണ്ടെന്നല്ലേ പറഞ്ഞത്'

തന്റെ ശബ്ദത്തിൽ വന്ന അധികാരഭാവം കൊണ്ടോ എന്തോ മാത്യൂസും ആനിയും പിന്നീടൊന്നും പറഞ്ഞില്ല.

ഒരാഴ്ച കൂടിയേ റോസി കിടന്നുള്ളൂ. തന്റെ കൈകൾ റോസിയുടെ കൈകളിൽ ചേർത്തു പിടിച്ചിരുന്നു, അവൾ-തന്റെ ജീവന്റെ ജീവൻ- സ്വർഗ്ഗത്തിലേക്ക് അന്ന് പറന്ന് പോയപ്പോൾ. ചങ്ക് പൊട്ടുന്ന വേദനയായിരുന്നു അപ്പോൾ തനിക്ക്.

കിഴക്കുദിക്കുന്ന സൂര്യനെ പോലെയാണ് ജീവിതം. ഇളംവെയിൽ പോലെ തുടങ്ങുന്നു.... മധ്യാഹ്നത്തിൽ, കത്തിക്കാളുന്ന സൂര്യനെപ്പോലെ ഊർജ്ജം നിറഞ്ഞ ജീവിതമാണ് .... പിന്നീട് പതുക്കെ പടിഞ്ഞാട്ട് ചാഞ്ഞ് അസ്തമിക്കുന്നു...

താനും അസ്തമയത്തിനരികിലാണ്... പൂർണ്ണ അസ്തമയത്തിന് ഇനി വിനാഴികകൾ മാത്രം.... ഒരു ദീർഘനിശ്വാസം വൃദ്ധനിൽ നിന്നും ഉയർന്നു.

'അപ്പാപ്പാ ... എന്താ ഇവിടെ ഇങ്ങനെ ഒറ്റയ്ക്ക് ഇരിക്കുന്നേ? വാ... ഫോട്ടോ എടുക്കണ്ടേ?'

രണ്ടാമത്തെ മോന്റെ മോൻ ജോജു വന്ന് വിളിച്ചപ്പോളാണ് വൃദ്ധൻ ചിന്തയിൽ നിന്നും ഉണർന്നത്. വാക്കിംഗ് സ്റ്റിക്കിൽ കൈ ഊന്നി പതുക്കെ കസേരയിൽ നിന്നും എണീറ്റു. ജോജുവിന്റെ കയ്യിൽ പിടിച്ച് പതുക്കെ സ്റ്റേജിലേക്ക് നടന്നു .

'അപ്പാപ്പാ ... ഒന്നു നിന്നേ... ഒരു ക്ലിക്...'

ഫോട്ടോഗ്രാഫറുടെ വാക്കുകൾ കേട്ട് ഒന്ന് തിരിഞ്ഞ് നിന്നു.

'ആഹാ... അടിപൊളി ... ഇനി ആ പല്ലില്ലാത്ത മോണകാട്ടി ഒന്നു ചിരിച്ചേ...'

ഫോട്ടോഗ്രാഫർ വിടാനുള്ള മട്ടില്ല. പല്ലില്ലാത്ത മോണ കാട്ടി ശരിക്കും ചിരിച്ചു നിന്നു.

'അപ്പാപ്പാ ... സൂപ്പർ ..'

ഫോട്ടോഗ്രാഫറുടെ ചിരിയോടെയുള്ള പറച്ചിലു കേട്ട്, ചിരി നിറഞ്ഞ മുഖത്തോടെ പതുക്കെ വീണ്ടും സ്റ്റേജിലേക്ക് നടന്നു.

'ചെക്കന്റെ കല്യാണം ഇന്നാണെടാ.... നമ്മുടെ ചെക്കന്റെ കല്യാണം ഇന്നാണെടാ...'

സ്റ്റേജിൽ നിന്നും ഉയരുന്ന പാട്ടിന്റേയും നൃത്തച്ചുവടുകളുടെയും കയ്യടികളുടെയും ഇടയിലേക്ക് പതുക്കെ വിറച്ച് വിറച്ച് നീങ്ങുമ്പോൾ, തന്റെ കൂടെ ഇപ്പോൾ റോസി കൂടി ഉണ്ടായിരുന്നെങ്കിൽ എന്ന് വൃദ്ധൻ വെറുതെ ഓർത്തുപോയി.....

# ചെറിയ പൊന്നാനി ഒഴുകുന്നു



ഡോ. അജയ് നാരായണൻ

മഴ പെയ്തുതോർന്നിട്ടില്ല
തേങ്ങോലകൾ
കരഞ്ഞുതീർന്നിട്ടില്ല
കാറ്റിനിപ്പോഴും ഉപ്പിന്റെ
ചുവയുണ്ട്
ചങ്കിലൊരു ഭാരമൊതുക്കി
ചെറിയ പൊന്നാനിയൊരുങ്ങി!

തിരകൾ നുരയുമ്പോൾ
നെഞ്ചുതല്ലി ചോരതുപ്പി
പവിഴപ്പുറ്റുകൾ
ഉടഞ്ഞടർന്നുവീണു.

സൂര്യൻ ഉണരുന്നില്ല
കിഴക്കിനു ദിശനഷ്ടമാകുന്നു
ചന്ദ്രൻ ഇങ്ങിനിവരില്ലെന്നും
പറഞ്ഞു താരകൾ കണ്ണടച്ചു...

പവിഴദ്വീപുകളിൽ
പരേതാത്മാക്കൾ
പഴികേൾക്കുന്നു
കുരുന്നുകൾ കരയുന്നു
ചെറിയ പൊന്നാനിയിൽ
ചൂരകൾ
അവസാനശ്വാസത്തിനായി
പിടയുന്നു...

ദിശതെറ്റിയ കാറ്റുകരഞ്ഞു
ദിശയില്ലാതലകടൽ
തീരം മാറിയലഞ്ഞു
കടലിന്റെ പൊട്ടുകൾ
മാഞ്ഞുതുടങ്ങി.

വഴിതെറ്റി പണ്ടെന്നോ
വന്നെത്തിയ പിതാക്കളെ,
പൂഴിയിൽ വിണ്ണുതീർത്തവരെ,
മൺകുടിൽകൊണ്ട്
കിനാവുതീർത്ത പ്രപിതാക്കളെ,
മണ്ണടിഞ്ഞ ചരിത്രത്തെയെല്ലാം
ഒരു മാറാപ്പാക്കി
കുരുന്നുകളൊഴുകിത്തുടങ്ങി.

ചക്രവാളം തേടി
ആശാമുനമ്പു തേടി
വിശാലതീരം തേടി
മക്കത്തുപോയ
ഹാജിയാരുടെ വിളിയുംകാത്ത്...
ചെറിയ പൊന്നാനി *
ഒരു പൊങ്ങുതടിയായൊഴുകി!

*കിൽത്തൻ ദ്വീപ്



# ശില്പചാരുത



ദീപ ദിനേശ്

നിശയും നിദ്രയും
നിലാവിന്റെ ശില്പികൾ
കൊത്തിയൊരുക്കിയ
സുന്ദര സൃഷ്ടികൾ

നക്ഷത്ര മാല്യങ്ങൾ
മാറത്ത് ചാർത്തി
ശില്പി തൻ ചാരുത
തീർത്ത ശില്പങ്ങൾ

നിദ്രതൻ മിഴികളിൽ
നിലാവ് തെളിയിച്ച
സ്വപ്നത്തിൻ സുന്ദര
സങ്കല്പ വീഥികൾ

അത്രമേൽ ഹർഷമായ്
മുടിയഴിച്ചെന്തിനോ
നിത്യ നർത്തനമാടുമീ
വശ്യ നിശകളിൽ

വിരഹതാളത്തിൽ
മുടിയിലലയുന്ന
വിരലുതേടുന്ന
വിജന നർത്തനം

ഇവിടെ നനവാർന്ന്
ജാലക ചില്ലിൽ
വീണൊഴുകിയുരുകുന്ന
മഞ്ഞിൻ കണങ്ങളും

പുതുമ പൂക്കുന്ന
കാവ്യ വഴികളിൽ
നിറഞ്ഞകംപുറം
പുൽകുന്ന ചിന്തയും



# പൊരുൾ

നിശബ്ദത തേടിയുള്ള യാത്ര
നിങ്ങളെ കൊണ്ടെത്തിക്കുക
വിശുദ്ധമായ സ്വപ്നങ്ങൾ
അടയിരിക്കുന്നിടത്തേക്കായിരിക്കും
കാലടിപാടുകൾ
പിന്തുടർന്ന് പോയവരൊക്കെ
നാൽക്കവലയിൽ
സന്ദേഹത്തിലാണ്
വയർ പെരുക്കങ്ങൾ
ദീനരോദനത്തിന്റെ
ചങ്ങലകെട്ടുകളാൽ
മുദ്രണം ചെയ്യപ്പെടുന്നുണ്ട്.
ഇരുട്ട് വെളുപ്പായി
സ്വപ്നം കാണുന്നവർ കൽ
പടവുകളിൽ കുന്നിയിരുപ്പാണ്
കളം നിറഞ്ഞാടുന്നുണ്ട് രണ
രോദനത്തിന്റെ
രൗദ്രഭാവങ്ങൾ
കുളം കലക്കുന്നവർ
ആകാശവലയുമായി
തേടിവരുന്നുണ്ടാവും
ഇഷ്ടങ്ങളുടെ വേരോട്ടം
നോക്കിയാവണം
നീയെന്നിൽ നറുനിലാവ്
പൊഴിക്കാനെന്നു പറഞ്ഞ
രാക്കിളികൾ നിശബ്ദരായെന്നു
തോന്നുന്നു



ശിവൻ തലപ്പുലത്ത്

# വേരുകൾ


ഏഴാമുദയത്തിൽ  പരിപൂർണമായ
ബ്രഹ്മത്തെ ഞാനറിയുന്നു.
ആയതിനാലെന്റെ  വേരുകളെ
നിന്നിലേക്കാഴത്തിൽ പടർത്തുന്നു.

ബോധതലങ്ങളിൽ വിത്തുകൾ പാകുകയും
ആത്മരതി പകർത്തുകയും
എന്നോളമാഴത്തിൽ
നിന്നെ പ്രേമിക്കുകയും ചെയ്യുന്നു.

ഭൗതീകതയിൽ ഞാൻ നിന്നെ തളച്ചിടുന്നില്ല..
ശേഷിക്കുന്ന ആറിടങ്ങളിലും
വെളിച്ചം നിറയ്ക്കാം.
കാലാതീതമായ കൗമാരത്തിൽ
ഒരുമിച്ചുന്മാദിക്കാം.
എന്നെയും നിന്നേയും ചേർത്തൊരേ
വരിയിൽ തുന്നികെട്ടിയാലും ഞാൻ
ഞാനായും നീ നീയായും
ഉടലൊട്ടി വളരാം.
ഇതേ നിമിഷത്തിൽ
ഞാൻ എന്നെയും നിങ്ങളെയും
'ഒന്നായി കാണുന്നു'.



വിഷ്ണു രാധാകൃഷ്ണൻ





# വെളിച്ച കിനാക്കൾ

നിന്നിലേക്ക് ഞാൻ നടന്നു കയറിയ പടവുകളിൽ
പതുങ്ങിയിരുന്നൊരു മൗനമെന്നെ ചൂഴ്ന്നെടുക്കുന്നു
കത്തുന്ന വേനലിലും നെഞ്ചിൽ ഞാൻ നിനക്കായ്
ഒരു മഞ്ഞു കാലമൊരുക്കുന്നു...
നോവിന്റെ നീലമഷിപാടുകൾ
ചേർത്തുവെച്ചൊരു ഭൂപടത്തിൽ എവിടെയോ
നീ ഉണ്ടെന്ന് എനിക്ക് അറിയാം..
തെളിഞ്ഞ ഒരു പകലിൽ ആണ്
നിന്റെ പാതയിൽ എന്റെ ചിന്തകൾക്ക് കുത്തേറ്റത്
ചിരി കൊണ്ടൊരു മുറിവിനെ
പിടിച്ചു കെട്ടി തന്നവൾക്ക്...
ഉയിരിനൊരു ആകാശമായവൾക്ക്
വാക്കിനൊരു കവിതയായവൾക്ക്...
പെറ്റു വീഴാനൊരു ഇടമില്ലാതൊടുങ്ങിയ...
ആയിരം കവിതകൾക്ക്
എനിക്ക്... നിനക്ക്....



– ജിതിൻ ആർ. പണിക്കർ



# ഇഷ്ക്ക് ഒരു സിദ്ധൗഷധം



റസിയ പയ്യോളി

**കാ**മ്പസ് എന്നും അവൾക്ക് കണ്ട് കൊതിതീരാത്തിടം തന്നെ. എത്തി നോക്കുന്ന കലാലയ ചുമരുകളും ചങ്ങാതികൂട്ടങ്ങളുമാണ് എന്നും കൺമുന്നിൽ. ഉത്തരവാദിത്തങ്ങളിൽനിന്ന് മന:പൂർവ്വം ഒളിച്ചോടിയ പിതാവിലൂടെ സംജാതമായ വിധി അവളെ പുതിയൊരു ലോകത്തെത്തിച്ചിരിക്കുന്നു...

ഇടയ്ക്ക് വന്ന മൗനത്തിൽ നിന്നും ഞെട്ടി ഉണർന്നു. ലക്ഷം വീട്ടിലെ ഉമ്മറത്തെ ചുമരിൽ തൂങ്ങിക്കൊണ്ടിരിക്കുന്ന തൂക്കുവിളക്ക് നോക്കി വെല്ലിമ്മയെ പുണർന്നു. ആ മുറുക്കാൻ മണം എന്നും അവളോടൊപ്പമുണ്ട്. ഉള്ളിൽ എവിടെയൊ കിടക്കുന്ന കൂടാത്ത മുറിവിൽ അവൾ പാട് പെട്ട് ലേപനം ചെയ്തു. എല്ലാം ഭേദിച്ച് മുന്നേറാൻ കരുത്തുള്ളൊരു മനസുണ്ടെനിയ്ക്ക്..

അതവൾ പറയാതെ കണ്ണുകളിലുണ്ട് അതിന്റെ തിളക്കം.വെല്ലിമ്മയുടെ ചുളിവീണ കൈ തടങ്ങളിൽ പിടിച്ചു. ന്റെ വെല്ലിമ്മാ കറണ്ട് കിട്ടി 5 കൊല്ലം കയ്ഞ്ഞിറ്റും ഈ ചൊമരിലെ തൂക്കു വെളക്ക് എന്താ എട്ത്ത് മാറ്റാത്തെ ദ്രവിച്ച് തൊടങ്ങീക്ക്ണ്.

'എന്താ അയ്ന്റെ ഫിഖ്ഹ്?'

അത് വെല്ലിപ്പ ലക്ഷദീബ്ന്ന് വെര്മ്പം കൊണ്ടന്നത് അതാ അയ്ന്റെ ഫിഖ്ഹ്. അല്ലാണ്ട് വേറൊര് ഫിഖ്ഹൂല്ല. വെല്ലിമ്മയുടെ മുഖത്ത് ചോക്ലേറ്റിന്റെ മാധുര്യം. ജീവനുതുല്യം സ്നേഹിച്ച് പോയ പുരുഷനെന്നാൽ അത്രയുമാണ് ഉമ്മയിലൂടെ അതവൾ ശെരിയ്ക്കും പഠിച്ചതാണ്. ഉമ്മയും ഉപ്പയും കെട്ടിപ്പൊക്കിയ അങ്ങനെ പല നന്മകളും മുന്നിലുണ്ട്.

പോഷകസമൃദ്ധവും സ്വാദിഷ്ടവുമായ ഭക്ഷണം ന്റുമ്മാനെ കൊറേ തീറ്റിക്കണം വെല്ലിപ്പ അങ്ങനെ നോക്ക്യതാ. ജീവൻ തുടിയ്ക്കുന്ന ഓർമ്മകളെന്തൊക്കെയൊ ഫാരിഷയുടെ മനസിൽ മേയുന്നു.

ന്റെ വെല്ലിമ്മ ന്താ..ആലോചിക്കുന്നത്?

'ന്റെ മോളെ കാനോത്ത്.'അത് നിക്കും തോന്നി..ഹൌ ഒക്കെയും തോന്നുന്നൊരാള് ന്റെ കുട്ടി അവൾ പൊട്ടി ചിരിച്ചു. ന്റെ വെല്ലിമ്മകളിയാക്കണ്ട നിക്ക് ശെരിയ്ക്കും തോന്നീക്ണ്.

കാൻവാസിലേക്ക് നോക്കി ചെയ്ത് തീർക്കാനുള്ള കാര്യങ്ങൾ ഓരോന്നായി ഓർത്തെടുക്കുമ്പോൾ വെല്ലിപ്പമനസിൽ തെളിഞ്ഞ് വന്നു. ന്റെ മോള് ന്താ ആലോചിക്ക്ന്നെത് ചുളിവീണ ചുണ്ടുകളിൽ അവൾ മുത്തമിട്ടു. വെല്ലിമ്മാ ന്റെ വെല്ലിപ്പ എന്തിനാ ലക്ഷദീബ്ന്ന് ഇകേരളത്തില് വന്നത്? മീമ്പണിക്ക്.ഇടയിലെത്തിയ

ഈറൻ കാറ്റിനും മീനിന്റെ അതേ മണം.വെല്ലിമ്മാ അടിച്ചുയരുന്ന തിരമാലകൾക്കപ്പുറത്ത് വെല്ലിപ്പ ചിരിക്കണ ചിരി അന്ന് അസ്തമയ സൂര്യനെ നോക്കാണ്ട് ഞങ്ങള് വെല്ലിപ്പാനെയാ നോകൃത്. ന്റെ കുട്ടി... ബാക്കി പറയാതെ വെല്ലിമ്മമൗനം മറന്നില്ലാന്നല്ലേ പറയാമ്പോയെ? 'വെല്ലിപ്പാനമറന്നാല് കണ്ണിന്റെ മുന്നിലെ കടലിനെയല്ലെ മറക്കണ്.'

കടല്ല് പണി കയിഞ്ഞ് വന്നാല് അങ്ങാടീന്നു തലചൊമടാക്കി കൊണ്ടന്ന് 'തീറ്റിച്ചതൊക്കെ കത്തിച്ചാ പോകൊ ഖല്ബ് ന്ന്. 'തട്ടതുമ്പ് കൊണ്ട് വെല്ലിമ്മ കണ്ണ് തുടച്ചപ്പോൾ അവൾ വിഷയം മാറ്റി

ആരെ കൂടെയാ വന്നത്?

ഒരു മനുഷ്യന് എവിടെയും ഒരു കൂട്ട് അവളെപ്പോഴും ആ ഗ്രഹിച്ചിരുന്നു.

ഒരു തങ്ങളുപ്പാപ്പന്റെ കൂടെ ഒപ്പം ഉറ്റ ചങ്ങായി മായിങ്കുട്ടിയും. കടൽ നോക്കുമ്പോഴൊക്കെയും അവളുടെ മനസിൽ വെല്ലിപ്പ വന്ന് നിറയും ഒപ്പം ഒരിക്കലും കാണാത്ത ലക്ഷദ്വീപും. എന്നും കണി കണ്ടുരണകലെ് അങ്ങനെ പലവിധ ഓർമ്മകളാണ് കൊടുക്കുക. 2 വർഷം മുന്നെ വെല്ലിപ്പ യാത്രയായപ്പോൾ വേദന ശമിക്കാൻ മാസങ്ങളെടുത്തു. അത് അങ്ങനെ ഒരു പാവം മനുഷ്യനായിരുന്നുവെല്ലിപ്പ വെല്ലിമ്മാനെ കെട്ടിയ അക്കഥ ഒന്ന് പറഞ്ഞാട്ടെ.

ലക്ഷദീബ് ന്നൊര് അവറാൻ ഭായി വ



ന്ക്ക്ണ് നല്ലൊരു മനുഷ്യൻ അല്ലെങ്കിലും ലക്ഷദീപ് കാരൊക്കെ പാവങ്ങളാ ലക്ഷ്മൺ ഭാഗവതർ പറഞ്ഞത് കേട്ടപ്പൊ തന്നെ ഖൽബില് കാണണോന്നൊര് തോന്നല് വെല്ലിമ്മ വാക്കുകൾ ചുരുക്കി. ഫാരി പൊട്ടിപ്പൊട്ടി ചിരിച്ചു. 'അയിന് മൊഹബ്ബത്ത് ന്നാ പറയ്ന്നെ'. ന്റെ വെല്ലിമ്മാ ന്നെ പറ്റിക്കണ്ട ഉം അങ്ങനെ ലക്ഷദീബ്കാരന്റെ കൈയും പിടിച്ച് പുതിയൊരു ജീവിതം തുടങ്ങി. ന്റെ മറ്റേ കയ്യില് ഒരു മീങ്കൊട്ടയും ..

വാക്കുകൾ ചുരുക്കിയെങ്കിലും പലതും ഓർത്തെടുക്കുന്നുണ്ടായിരുന്നു. ന്റെ വെല്ലിമ്മാ അയിന്റെ ടേല് കൊറേ പൂരിപ്പിക്കാന്ണ്ടല്ലൊ.ഇനി ഒന്നൂല്ല മ്ണ്ടണ്ട മനസ്പതക്കെണ് വെല്ലിമ്മ മുഖം കുത്തി കടപ്പൊറത്തിര്ന്ന് വലകെട്ടികൊണ്ടിരുന്ന വെല്ലിപ്പാനെ കാണുമ്പോളൊക്കെയും നോക്കി നിൽക്കുന്ന വെല്ലിമ്മാനെ പറ്റിയുള്ള കഥ അവൾക്കറിയാം.അതൊരു മത്സ്യതൊഴിലാളി കുടുംബത്തിലെ നിഷ്കളങ്കരായ രണ്ടാളുകളുടെ പ്രണയമായിരുന്നു.

വെല്ലിപ്പയെ കാണാൻ എന്നും തുറന്നു വെച്ച കണ്ണുകളാണ് വെല്ലിമ്മയുടേത്. അവർക്കിടയിലെ സ്നേഹത്തിന് അത്രകെട്ടുറപ്പായിരുന്നു.. ആണുങ്ങളില്ലാത്ത വീട്ടിൽ അടച്ചുറപ്പില്ല പുരുഷ ഊർജം സ്ത്രീയ്ക്ക് അത്രയുമാണെന്ന് അവൾ മനസിലാക്കിയത് വെല്ലിപ്പയിൽ നിന്നും ഉപ്പയിൽ നിന്നുമാണ്.

കടവ്ക്ക് പോകല്ലെ ബദ്രീങ്ങളെ ന്റെ കുട്ടിനെ കാക്കണേ. ഇനി കക്ക വാരല് വേണ്ട വാരിയ കക്ക കടവിനപ്പുറം സ്വന്തം തൊഴ ഞ്ഞ് കൊണ്ട് പോകണം അത് വലിയ അപകടം പിടിച്ച പണിയാമോളേ.വെല്ലിമ്മാഗതികേട് കൊണ്ട് ചെയ്യുന്നതാ നിക്കും പേടിയാഅല്പ ആലോചനക്ക് ശേഷം മ്മളെങ്ങനെ ജീവിയ്ക്കും മക്കളെ പോറ്റണ്ടെ ഈ അഞ്ചംഗ കുടുംബത്തിന് മറ്റെന്താശ്രയം? വെല്ലിമ്മ അവളെ ചേർത്ത് പിടിച്ചു. മുറ്റത്തേക്കിറങ്ങി അവൾ പറഞ്ഞു. ആദ്യം ഒന്നര ലക്ഷം ബാക്കിയുള്ള കടം വീടണം. പിന്നെ പടിപടിയായി ബാക്കി എല്ലാം.

എന്തായാലും ഒരു കൊല്ലം മ്മള് ഉപ്പ ഇല്ലായ്റ്റും പട്ടിണിയില്ലാണ്ട് ജീവിച്ചില്ലെ.

ന്റെ വെല്ലിമ്മാ പ്രയത്നിക്കാൻ മനസുണ്ടെങ്കില് പടച്ച തമ്പുരാൻ ഒക്കെയും മുന്നിലെത്തിക്കും.ഉമ്മറത്തെ ബെഞ്ചി ലിരിക്കുന്നു. കടുത്ത ആലോചനയിൽ ഉമ്മ കുൽസു. പ്രീയതമന്റെ തിരോധാനം ഉൾകൊള്ളാൻ കഴിയാതെ ചിന്തപല വഴിയ്ക്ക് നിയന്ത്രണമില്ലാതെ ഓടുന്നു.ഒരിക്കൽ പോലും പിണങ്ങാത്ത പങ്കാളിയുമൊത്ത സുന്ദര നിമിഷങ്ങൾ അയവിറക്കുന്നു ന്റെ റഊഫ്ക്ക അത് മനസെപ്പോഴും മന്ത്രിക്കുന്നുണ്ട്.

റഊഫിനേയും കുടുംബത്തേയും ആർക്കാ മറക്കാനാവുക. സമൂഹനടയിൽ ഏറ്റവും മികച്ചൊരാൾ..

ആകാശപരപ്പിൽ നോക്കി സദാ മക്ക ളെ ചിരിപ്പിക്കുന്ന പ്രിയ ഉപ്പ. ന്റെ ചങ്കാമക്കള് എത്ര വലിയ കാറ്റും കോളും കടന്ന് പൊറംകടൽല് ഉപ്പ പോണെ മക്കളെ പോറ്റാനാ മക്കളെ ഇരുത്തി ന്റുപ്പ ഇങ്ങനെഎന്തെല്ലാ പറഞ്ഞത് അതവൾ തന്നോട് തന്നെയാണ് പിറുപിറുത്തത്. കാര്യങ്ങൾ പെട്ടെന്ന് മനസിലാക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനുമുള്ള മിടുക്ക് ചെറു പ്പം മുതലേ പാരിക്കുണ്ട്.മറ്റൊന്ന് പറഞ്ഞാൽ മുന്നിൽ നിൽക്കുന്ന നാല് ആത്മാക്കൾ അവളുടെ ജീവനാഡിയാണല്ലൊ. കടവ്നക്കരെ കക്കഎത്തിച്ചും ദിവസം മൂന്ന് മണിക്കൂർ ഒരു ഡോക്ടറുടെ വീട്ടിൽ റിസപ്ഷനിൽ നിന്നും അങ്ങനെ ജീവിക്കാനുള്ള വഴി അവൾ മിനക്കെട്ട് തന്നെ കണ്ടെത്തി

ഉമ്മാ.. ന്താ ?

ആ വിളി ഇടയ്ക്കിടെ ഉണ്ടാകും.ഉമ്മയുടെ ശ്വാസഗതി പരിശോദിക്കലാണത്. അതായത് സങ്കടങ്ങളുടെ വലുപ്പം കുറഞ്ഞൊ? ഇടയ്ക്കിടെ ചിരിപ്പിക്കുന്നതും അതിന് വേണ്ടിയാ ചെറുപ്പം മുതലേ അങ്ങനെ പല വിക്രസുകളും വശമുണ്ട്.പാരീ നീ നിക്കൊരു മോന് തുല്യം.ന്റുപ്പ പറയും എന്തിനാ മോളിപ്പൊ ഉപ്പാനെ ഓർത്തെ? പിന്നേ

ന്റെ ഉള്ളിലുള്ളത് എപ്പോളും ഉപ്പാന്റെ കളിയും ചിരിയും കഥ പറച്ചിലും ഒക്കെയല്ലെ ന്റെ മോള്പഠിച്ച് ടീച്ചറാ കും നിക്കൊറപ്പാ അങ്ങനെ അങ്ങനെ ഇൻഷാ അള്ളാ. അന്നാളാകുമ്പോളേക്കും ഉപ്പകടപ്പൊറത്തെ പണി

ഒഴിവാക്കും ഫാരിഷ ടീച്ചറെ ഉപ്പയാകും ...

'എന്താ ല്ലേ അയിന്റെ ഫോമ് ഞാൻ ചിരിച്ചു മറിയും. അള്ള ഇന്റെ മോളെ കിനാവിന്റെ ഓരോ പക്ക്ട് നോക്ക് കിനാവ് കാണാത്ത ൽബുണ്ടൊ ഉപ്പാ... കിനാവിലല്ലെ ജീവിതം ആകെപ്പാടെ കെടക്ക്ണത്. ലോകം തന്നെ കൈ കുമ്പിളിലെത്തിക്കുന്ന ആകാശം മുട്ടെ ഉയർന്ന് നിക്ക്ണ ഈ മൊബൈൽ ടവറിനുള്ളിലും എന്തൊക്കെ കിനാവുകളാ ഉപ്പാപാറി പറക്കണ്.എന്തായാലും ന്റെ മോള് ടീച്ചറാകും ഒറപ്പാ കഷ്ടപ്പെട്ട് എന്തും നേടാൻ പഠിച്ച മോളാ ഇത്. അങ്ങനെഒരുപ്പയും മോളും ആയിരുന്നു ഞങ്ങള് ല്ലേ വെല്ലിമ്മാ? ന്റെ മോളെന്തിനാ അതൊക്കെ ഇപ്പൊ ഓർക്കണ്. 'വെല്ലിമ്മാ ഓർക്ക്ണതല്ല തിരമാല കണക്കെ ചാടി വെരലാന്റെ മനസിൽക്ക്'

ഒരു അഭ്യാസിയുടെ മെയ് വഴക്കത്തോടെ കടവിലേക്ക് നടന്നു.

പിന്നാലെ വെല്ലിമ്മ വിളിച്ചു. പാരീ...

ന്റെ കുട്ടി സൂക്ഷിക്കണേ കടവ്കാ

ണ് മോളേ പോണെ. ന്റെ വെല്ലിമ്മാ' ഒട്ടും വെഷമിക്കണ്ട പങ്കായം പിടിച്ച് തഴക്കം വന്ന കൈയാ ഇത്. കടവിലേക്കുള്ള യാത്രയാണ് വഴിയിൽ കാണുന്നോരൊക്കെയും ഉപ്പാനെ ചോദി'ച്ച് ബുന്ധിമുട്ടിക്കും. ഉപ്പാന്റെ വല്ല വിവരോം ഉണ്ടൊ.അതാ ന്റെ ബേജാറ്.ചോയ്ക്ക് ന്നോലിക്കൊക്കെ എന്താ. ന്റെ മനസ് കത്തണ്.

ഒര്കൂട്ട് കാര് ണ്ടൊ നിക്ക് കളി ചിരി കാണാൻ മനസിൽ പങ്കായവും വള്ളവും. ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതെ സ്വന്തമായി എല്ലാം നേട ണം എന്ന നിശ്ചയ ദാർഢ്യത്തോടെ കരുത്തുള്ള മനസുമായി അവൾ നടക്കുന്നു.വീടുംകടവും തമ്മിൽ പത്ത് മിനിറ്റ് നടക്കാനേ ഉള്ളൂ. കാമ്പസിലെ

'ആരവങ്ങൾ ചെവിയിലേക്കിരച്ചുകയറിയപ്പോൾ പരിസരം മറന്നവൾവിളിച്ചു പോയി യാ അള്ളാ'

വഞ്ചിയ്ക്കുള്ളിൽ നിന്നും പങ്കായ മെടുത്ത് പുഴയിലേക്കിറങ്ങിയപ്പോൾ പിറകിൽ തൈ തെങ്ങിന്റെ പിന്നിൽ നിന്നും മുരളുന്ന കാറ്റിനൊപ്പം ഒരു അപരിചിത പുരുഷ ശബ്ദം. കാനനച്ചായയിലാടു മേയ്ക്കാൻ ഞാനും വരട്ടെയൊ നിന്റെ കൂടെ പാട്ടിന്റെ ഈണവും ചോദ്യത്തിന്റെ താളവും സമ്മിശ്രമായിരുന്നു വരികളിൽ. തിരിഞ്ഞു നോക്കിയപ്പോൾ വർഷങ്ങളായി തന്നെ കാത്തിരിക്കുന്നൊരാളെ പോലെ. ആ രൂപത്തിലും വേഷത്തിലും ഒരു അസ്സൽ കാമുകൻ മസ്ത് പിടിപ്പിക്കുന്ന ഊദത്തറിന്റെ മണവും. അവൾ തട്ടം കൊണ്ട് മുഖം പൊത്തി. ചെറിയൊരു നെഞ്ചിടിപ്പും കൈയിലെ രോമങ്ങൾ എഴുന്ന് നിന്നു. കാരണം ഈ കാഴ്ച അവൾക്ക് വിശ്വസിക്കാനായില്ല

എന്നും ഉത്സവ പറമ്പായ കാമ്പസ് മൊത്തം കൺമുന്നിലെത്തിയ പോലെ. അല്പനിശ്ശബ്ദതക്ക് ശേഷം അയ്യെടാ അ തങ്ങ് പള്ളീപറഞ്ഞാ മതി മറുപടി ഗൗരവവും തമാശയും സമ്മിശ്രം എന്നിരുന്നാലും ഒന്ന് കാതോർത്താൽ ആ മുഖത്ത് അനുഭൂതിയുടെ ചെറു നിഴൽ.

അത് കൊണ്ടാണ് മുഖത്ത് നക്ഷ ത്രപൊട്ടുകൾ കണ്ട് തുടങ്ങിയത് വാസ്തവത്തിൽ ആ രൗദ്ര സംഗീതത്തിൽ അവൾ തെന്നിവീണിരിക്കുന്നു എന്ന് തോന്നിപ്പിക്കും കാരണം 'കടമിഴിക്കോണിൽ പ്രേമാലസ്യത്തിന്റെ ചെറുമയക്കം'. എന്നിട്ടും അവൾ പറഞ്ഞു. ഈ ജീവിതം ഒരു പാട് കിതച്ചോടി തീർക്കാനുണ്ട് അത് കൊണ്ട് പൊയ്ക്കൊ.

ഞാൻ മുഷ്താഖ് മീശ പിരിച്ചവൻ അടുത്തേക്ക് വന്നു. അവൾ പിറകോട്ട് നീങ്ങി. പോകണം പ്ലീസ്.. ഉടനെ മുഷ്താഖ് തിരിഞ്ഞ് നടന്ന് തൊട്ടടുത്ത പീടികയുടെ വരാന്തയിൽ ചെന്ന്നിന്നു അനുസരണയുള്ള ഒരു കുട്ടിയെ പോലെ. ആ പോക്ക് പാരിയെ നിരാശപ്പെടുത്തി എന്ത് കൊണ്ടെന്നൊ അതവൻ അനുസരിച്ചത് കൊണ്ട്.

ശൂന്യമായി കിടക്കുന്ന കടവത്ത് അട്ടിയിട്ട കരിങ്കല്ലിന്റെ മറവിൽ നിന്നും തന്റെ അയൽവാസിയും സഹപാഠിയും പ്രിയ സുഹൃത്തുകൂടിയായ തൗഫീഖ് അടുത്തേക്ക് വന്നു. മുഖത്ത് കള്ള ചിരി

ഓ..തൗഫീഖ് നീ ഒളിച്ചിരുന്നതാണൊ? ചോദ്യത്തിന് മറുപടി കൊടുക്കാതെ ഒരു സൂത്രശാലിയുടെ മിടുക്കോടെ ചിരിച്ചു കൊ

ണ്ട് പാരീക്കൊളത്തിടാൻ വന്നതാ ഇവൻ ഓഹൊ അപ്പൊ മാറി നിന്ന് നീയിതൊക്കെ ചെയ്യിക്കുക യായിരുന്നു ചിരിയാലെ അവൻ തല കുലുക്കി.എന്തിനാടീ നീ അങ്ങനെ പറഞ്ഞത് അല്പം യുക്തി വേണം പെണ്ണായാൽ.അവൻ ബിടെക് എഞ്ചിനീയറാണ് ഖത്തറിൽ.

ഉള്ളിൽ അടച്ചു വെച്ച അവളുടെ നൊമ്പരങ്ങളും നെടുവീർപ്പുകളും നിലവിളിക്കാൻ തുടങ്ങി. അഞ്ചംഗകുടുംബത്തിന്റെ ഏക ആശ്രയമാണ് ഞാൻ.എന്റെ സ്വപ്നത്തിൽ അങ്ങനെ ഒരാളില്ല. എല്ലാം ഇവനറിയാം എന്നിട്ടും.

അതവൾ പറഞ്ഞത് സ്വന്തം മനസ്സാക്ഷിയോട് വിഷയഗൗരവം മനസിലാക്കി കൊണ്ട് അവൻ നിശ്ശബ്ദം വലിഞ്ഞു. എന്നിട്ടും സഹിച്ചില്ല.എന്നാലും എന്റെ പാരീ കാനനച്ഛായയും ഞാനും നീയും ആടുമൊക്കെ ആരാ കൊതിക്കാത്തത്? യുവത്വത്തെ ഒരു കാലത്ത് പ്രണയ സാമ്രാജ്യത്തിൻ അരമനമുറ്റത്തേക്ക് വലിച്ചുകൊണ്ട് പോയ ഏത് മനസിലും പ്രണയം മുളപ്പിക്കുന്ന വരികൾ. തൗഫീഖ് പാരിയെ തള്ളിയിടാനായ് സാഹിത്യത്തിൽ മെഴുകി തേനിൽ ചാലിച്ച് വരികളെറിഞ്ഞു.അവൾ ലഹരിയിൽ മതിമറന്നു ചിരിച്ച് വീണു പോയി. മറ്റൊന്ന് പറഞ്ഞാൽ മുഷ്ത്താക്കിനെ കണ്ടാൽ ഏത് ചത്ത മനസും ഉണരും അത്ര കോമളൻ. പാരിയുടെ കണ്ണുകൾ ആലസ്യത്തിൽ ചിമ്മിയും പൂട്ടിയും കളിച്ചു. ഇടവപ്പാതിയുടെ ഊറ്റൻ ഒഴുക്കിൽപ്പെട്ട് അവൾ പല മോഹങ്ങളും പിഴുതെറിയുന്നു എന്ന് ചുരുക്കം. അക്കരേക്ക് കൂടെ ആരൂല്ലേ. ആളില്ലെന്നേ ഉള്ളൂ എളമ്പിലും കക്കയും എത്തിച്ചു കൊടുക്കണം ഇടയ്ക്ക് ഞാൻ തനിയെ പോകും പേടിയൊക്കെ പണ്ടേ മാറി. സ്വന്തമായിആരുമില്ലെന്ന് തോന്നി തുടങ്ങിയാൽ ഒരു ശക്തി വരാനുണ്ട് മനസിന്. ന്റെ റെബ്ബ് നിക്കത് തന്നു.രമേശേട്ടനെ ഓർമ്മ വന്നപ്പോൾ അവൾ പങ്കായമെടുത്തു. പാരീ മണി എട്ടായിട്ടും ഭയങ്കര തണുപ്പ് ഈ കടവ് യാത്ര നല്ല രസാല്ലേ?

ജനുവരിയിലെ മഞ്ഞൊക്കെ നല്ല സുഖാ തൗഫീ പക്ഷെ അത് ആസ്വദിക്കുന്നവർക്കല്ലെ കുടുംബം പോറ്റാനുള്ള ഓട്ടപ്പാച്ചിലുകാർക്ക് എന്ത് രസം ?

തല കുലുക്കിയതേയുള്ളൂ അവൻ..

പ്രണയോന്നൊക്കെ പറഞ്ഞാല് നല്ല രസാ പാരീ.ജാലവിദ്യയുമായി വന്നതാ ണവൻ ആ മുഖത്ത് അതിന്റെ ലക്ഷ ണങ്ങൾ നല്ലോണംനിഴലിച്ച് കിടക്കു ന്നു.ബുദ്ധി ശാലിയായ പാരിക്കത് നേരത്തെ മനസിലായിരുന്നു. അതിനനുസരിച്ചുള്ള മറുപടിയാണ് അവൾ കൊടുത്തതും. പ്രണയത്തിന്റെ വഴി വെട്ടി വിത്തിടാൻ വന്നതാണൊ നീ?

ഒന്ന് പോടാ ഒരു വിത്തും ഈ പാടത്ത് മൊളക്കൂല. അവൾ നെഞ്ചിൽ കൈവെച്ച് മുഖം കുടഞ്ഞു. ഒരു ചാറ്റൽ മഴ പോലും കിട്ടാത്ത പാടത്ത് എങ്ങനെയാ മുളപൊട്ടുന്നത്?

ഈ ഹൂറിയെ കണ്ടാൽ ആർക്കാതിരിഞ്ഞ് നടക്കാൻ പറ്റ്ന്നെ.എന്തായാലും മുഷ്താഖ് നിന്നെവിടൂന്ന് നിക്ക് തോന്ന്ന്നില്ല. എന്നെ വെറുതെ വിടണം

പ്രണയോം മോഹോം ഒക്കെ ഉള്ളിലുണ്ടെടാ പറഞ്ഞിറ്റെന്താ നിക്കത് പറ്റൂല്ല. ന്റെ റാഹീനേം മിസ്രീനേം നല്ലോണം പഠിപ്പിക്കണം. ന്നോട് ഒന്നും പറയണ്ട ഇഞ്ഞി പൊയ്ക്കൊ. അവൾ മനസ് തുറന്നു. വെളുപ്പാൻ കാറ്റിൽ പാറി പറക്കുന്ന തട്ടതുമ്പിൽ പിടിച്ചു തലതാഴ്ത്തിയിട്ടു.

രമേശേട്ടാ ന്താത് ഇപ്പൊ ഇതുവഴി? പ്രത്യേകിച്ചൊന്നൂല്ല്യ. നിക്ക് ശരീനെ ഒന്ന് കാണണം അതാ. എന്നാലും അക്കരേക്ക് പോകാണ്ട് രക്ഷപ്പെട്ടല്ലെ ജീവിക്കാനുള്ള തത്രപ്പാടിലെ വിശ്രമമില്ലാത്ത ഓട്ടപ്പാച്ചിലിനിടയിൽ അവളനുഭവിക്കുന്നത് അത്രയുമാണെന്ന് ആ രക്ഷ എന്ന വാക്കിൽ നിന്നും മനസിലാകും. ന്റെ കുട്ടി ഒരു പാട് സഹിക്കണെണ്ട്. എന്നിട്ടും ഒന്നും ചോദിച്ചില്ലാ.

രമേശേട്ടാ കക്ക വാരല് നിർത്താൻ പോണ്.ഉം എന്ത് പറ്റി മോളേ?

പ്രത്യേകിച്ച് ഒന്നൂല്ല്യ. എന്നാലും ഒരുവർഷോക്കെ കയിഞ്ഞില്ലെ ഈ തൊഴിലെടുക്ക്ന്നത് പിന്നെന്താ ? എന്താ ഒരസ്വസ്ഥത നല്ല ഉത്സാഹത്തിലായിരുന്നല്ലൊ മോള്. കാരണം പറയാൻ അവളിഷ്ടപ്പെട്ടില്ല എന്നിരുന്നാ

ലും ന്റെ ഉപ്പാറെ സ്ഥാനത്ത് കാണുന്നൊരാളെ ന്നെ ചേർത്ത് പിടിച്ചൊരാളെ എന്തിന് മറച്ച് വെക്കണം കടവത്തെ പണിയെടുത്താൽ ഒരാലോചനവെരൂല്ല അവൾ കൈമലർത്തി. നിക്കല്ല വളര്ന്ന് ണ്ടല്ലൊ രണ്ടെണ്ണം ഓലിക്കാ മൂസാക്കയും ഖാലിദിക്കയും അടക്കം അങ്ങനെ ആളുകൾ ഓരോന്ന് പറഞ്ഞ് തൊടങ്ങീക്ക്ണ്.അറിഞ്ഞൊ പുകില്.ന്റെ പൊന്നെ സമാധാനിയ്ക്ക്. പൊന്ന് ഇതെന്റെ ഉപ്പ വിളിക്കണ വിളിയാ കണ്ണുകൾ വിടർന്നു കണ്ഠമിടറി മുറിഞ്ഞുപോയ വാക്കുകളെ വലിച്ചെടുത്ത് ഉപ്പാനെ ഓർക്കുന്നവള് നെഞ്ച് പൊട്ടണ് രമേശേട്ടാ ന്റുപ്പ എങ്ങോട്ടാ പോയത് മോള് സമാധാനിപ്പിക്ക്. പൂർണ്ണർത്ഥത്തിൽ അത് അവളെ എല്ലാ വേദനകളേയും മറപ്പിക്കുന്നൊരാള.മറക്കാൻ പറയാനൊക്കെ എളുപ്പാ എന്നാൽ ഉപ്പ തന്ന പശിമയുള്ള സ്നേഹത്തിനു മുന്നിലാണ് അവൾക്ക് നിയന്ത്രണം കിട്ടാതാവുന്നത്.ന്റുപ്പ എവ്ട് ക്കാ..? ഈ മക്കളെ വിട്ട് ഉപ്പ പോയത് അതൊരു കുദ്റത്താ ശെരിയ്ക്കും.ന്റുപ്പ ജുമുഅക്ക് പോകുമ്പൊ പൂശ്ണ ഊതിന്റെ സെന്റ് കൃത്യമായിട്ടിപ്പോം കാറ്റവ്ട എത്തിക്കും

മുഷ്താഖിനെ കണ്ടതാണ് ഉപ്പയെ കുറിച്ചുള്ള ചിന്തയിൽ മനസ് പിടഞ്ഞതെന്നത് മറ്റൊരു സത്യം.

കാനനച്ഛായയിലെ കാമുകി വേഷം സ്വപ്നമായി അവശേഷിച്ചല്ലൊ അത് കൊണ്ട് തന്നെ എങ്ങനെ പിടിച്ച് മുന്നേറാൻ ശ്രമിച്ചാലും ഉപ്പാന്റെ കുറവ് പലനഷ്ടങ്ങളും വരുത്തി എന്ന തിരിച്ചറിവിലേക്കാണ് അവളെ എത്തിച്ചത്..

രമേശേട്ടാ എന്റെ ജീവിതം എഴുതി വന്നാൽ നല്ലൊരു കഥയാകും ല്ലേ? മറുപടിയായി ചിരി.

അതെ കഥയുടെ കൊച്ചു കൊച്ചു തുരുത്തുകളിൽ കുമിഞ്ഞ് കൂടിയ ഇരുട്ടിനെ തുരത്തുന്ന ഒരു പാവം പെൺകുട്ടിയെ തീക്ഷ്ണമായി എഴുതിഫലിപ്പിക്കാൻ കഴിവുള്ള നല്ലൊരു കിടിലൻ കഥാകൃത്ത് വേണം. എന്താ അത് റെഡ്യാ കൊ?അത് മ്മക്ക് റെഡ്യാക്ക. സാഹിത്യശൈലി കേട്ട് രമേശേട്ടനോട് ചിരിച്ച് പോയി. എന്തൊക്കെയൊ പറയാൻ ബാക്കി വെച്ച് അവൾ നടന്നു. ചെയ്ത് തീർക്കാനുള്ള കണക്കുകൂട്ടലുമായി

എന്തായാലും നിക്ക് നല്ലൊരു ജോലി തരപ്പെട്ടു ശശിയേട്ടന്റെ പൂക്കടേല്. പൂനിർമ്മാണം നല്ല പണിയാ ശശി പെര്ത്ത് നല്ലോനാ ബോണസും നല്ലോണംകിട്ടും എന്തെങ്കിലും പണത്തിന്റെ ആവശ്യം വന്നാല് സഹായിക്കുകയും ചെയ്യൂന്നാ കന്മദേട്ടൻ പറഞ്ഞത്.

അതൊക്കെ വലിയ ആശ്വാസത്തിന് വഴിയാണ്. കാനന ഛായയിലെ കാമുകവേഷത്തിലെത്തിയ ആൾ മനസിൽ നിന്നൊരു കളി കളിച്ചു.ഹൊ എന്തിനാ യിരുന്നു ഈ പ്രാരാബ്ധക്കാരിയുടെ മുന്നിലേക്ക് അവൻ വന്നത്.ഒരു ഭാഗത്ത് കുടുംബ ബാധ്യതകൾ അതിനിടയിലേക്ക് എത്തി നോക്കിയ മുഷ്താഖ് മുറിവേൽപ്പിച്ചിരിക്കുന്നു. ഉപ്പ ചെന്നൈയിൽ ഉണ്ടെന്നുള്ള ഒരു സംസാരം തൗഫീഖ് വഴിയറിഞ്ഞു അന്വേഷണങ്ങളൊക്കെമീഡിയ വഴി നടത്തി ഒരു തുമ്പും വാലൂല്ല. എന്നാല് ഒക്കെ തൊറന്ന് പറഞ്ഞാ പോരായിര്ന്നൊ ഉപ്പാക്ക്. ഉപ്പ എന്തിനാ പോയത്? എന്തൊ കാര്യായ്റ്റ്ണ്ട് അല്ലാണ്ട് ന്റുപ്പ പോകൂല എന്തിനാ ഉപ്പ ഒളിച്ചത്? ഉപ്പയെ ഓർക്കുമ്പോൾ പലവിധത്തിലുള്ള ചോദ്യങ്ങളാണവൾക്ക് മു ന്നിൽ.വിട്ടേക്ക് മോളേ വെല്ലിമ്മ പറയും എല്ലാം മറന്നതാ പിന്നെന്താ ചെലപ്പൊ ഒരു വല്ലാത്ത പൊറുതിമുട്ടലാ. എത്ര പറഞ്ഞാലും മനസ് അടങ്ങൂല്ല. അതായ്ര്ന്നല്ലൊ ന്റുപ്പ.വീണ് പോകുന്നോർക്ക് താങ്ങാക്ന്ന പൊന്നുപ്പ. അത്ര നല്ല ഖൽബുള്ള ഉപ്പ. ചെണ്ടകൊട്ട് തൊടങ്ങ്യല്ലൊ. ഡിസംബർ അഞ്ച് ഇന്ന് കാർത്തിക വെളക്കാ കാവില്. ഉപ്പണ്ടെങ്കില് ഉത്സവപറമ്പില് മേയ്ന്ന് ണ്ടാകും വള്ളം തുഴയുമെങ്കിലും ഇനി കക്ക വാരാനില്ലെന്ന് കടവിനട് യാത്രാമൊഴിചൊല്ലി.

ഉപ്പയുടെ തിരോത്ഥാനം ആ നിരാശ അവൾക്ക് ജീവിതത്തോടൊപ്പം സഞ്ചരിക്കുന്ന കടും വേദനയാണ് പല വേദനകളും മനസിലേക്കിറങ്ങി വരുന്നു.

പാവം ഉമ്മ മുപ്പത്തഞ്ചാം വയസിൽ ത

നിച്ചായി.എന്റെ ജീവിതത്തിൽ വിവാഹം അങ്ങനെയൊന്ന് ഒരിക്കലും ഉണ്ടാവില്ല. അവൾ ശപഥം ചെയ്തു എന്തിനാ നിക്ക് ഇനി ഒരു പങ്കാളി ഇങ്ങനെയും ജീവനുതുല്യം സ്നേഹിച്ചിട്ടും ഉ ൾക്കൊള്ളാനാവാത്ത വിധം ഉപ്പപൊയ്ക്കളഞ്ഞില്ലേ അതിലൂടെ പല പാഠങ്ങളും പഠിച്ചു.ആരെയും പ്രതീക്ഷിക്കരു ത്. പരീത് കുഞ്ഞിന്റെ മോൻ മുഷ്താതാഖിന് എന്നെ കെട്ടണമെന്നുണ്ട് അതാണല്ലോ സംസാരം നടക്കൂല. നിക്ക് കല്യാണത്തിലൊന്നും ഒട്ടും താൽപ്പര്യേ ഇല്ല. കണ്ണ് ചോരയില്ലാണ്ട് ഇവരൊക്കെ എന്താ ഇപ്പറയ്ന്നെ കുടുംബം പോറ്റണം അങ്ങനെ ഒരു വലിയ പ്രോജക്ട് മുന്നിലുണ്ട്. ന്നെ പടച്ചോൻ ഏൽപ്പിച്ചതാ ഇതൊക്കെ. ന്റുള്ളില് നല്ലൊരു മനുഷ്യനുണ്ട്. നിന്നാല് ഈ ബന്ധം നടന്ന് കിട്ട്യാല് പെരുത്ത് നല്ലതാ തൗഫീക്കിന് എന്നെ വീഴ്ത്താൻ പറ്റൂല.

ഏറ്റോം വലുത് ഉപ്പാനെ കണ്ടെത്തലാ ആരെങ്കിലും ബന്ദിയാക്കിവെച്ചോ? അല്ല ഏടേങ്കിലും പ്പെട്ടുപോയൊ? അങ്ങനെ പല ചോദ്യങ്ങളും മുന്നിലുണ്ട്. അല്ലാണ്ട് ഈ മക്കളെ കാണാണ്ട് ഉപ്പാക്ക് ന്ക്കാൻ പറ്റൂല്ല.ന്റുപാന നിക്ക റിയ നല്ലോണം. ഉപ്പ പാവാ. പോലീസ് സ്റ്റേഷനിലും കോടതിയിലൂം ഒക്കെ കയറി ഇറങ്ങിയ കാഴ്ചകൾ മനസിനെ പ്രണപ്പെടുത്തി. നിക്ക് ന്റെ ഉപ്പാനെ കണ്ടെത്തണം ഉപ്പ പോയത് കുദ്റത്താ.മുന്നൂറ്ററുപത് ദിവസോം മുന്നിലെ നട വരമ്പിലേക്ക് നോക്കി നിന്നതാ ഉമ്മ ഇന്നലെ വരേയും. വെല്ലിമ്മ പറയും ബദ്രീങ്ങളേ ന്റെ മോനെ കൊണ്ടത്താ ന്റെ സങ്കടം തീർക്ക് എന്ന് ഇന്റുമ്മ പറയും ഇങ്ങക്കെന്താ പറ്റിയെ റഊഫ്ക്കാ കണ്ട് കൊതി തീർന്ന്ക്കില്ലാന്ന്. ആരൊക്കെയൊ കേൾക്കാനുള്ളത് പോലെയാണ് ഫാരി ഇതൊക്കെ പറഞ്ഞത്. വെല്ലിമ്മാക്കുള്ള പലഹാരവുമായി അവൾ വീട്ടിലെത്തി.ന്റെ മോളെന്താ വൈകിയെ?മുന്നിലെ തിരയെ തട്ടിമാറ്റി വെല്ലിമ്മാ ഒന്നൂല്ല മെല്ലെ നടന്നതാ അവൾ ഉമ്മക്കടുത്തിരുന്നു. വെല്ലിമ്മാക്കുള്ള എള്ളുണ്ടേം തെരഞ്ഞ് ഞാൻ അങ്ങാടി മുയ് വനും നടന്നു. നിക്കറിയാലൊ ന്റെ മോള് നടക്കൂന്ന്. ഉം ഉം ന്റെ വെല്ലിമ്മ ഇനി എന്തൊക്കെ തിന്നാങ്കെടക്ക്ന്ന് ല്ലേ? തന്നെ തലോടി നയിക്കുന്ന കുടുംബ വേരവൾക്ക് അത്രയ്ക്ക് ശ്രേഷ്ഠവും വെല്ലിമ്മ

അവൾക്കെന്നും മുന്നോട്ട് നയിക്കുന്ന പ്രതിഭാസവുമാണ്.

വെല്ലിപ്പയും വെല്ലിമ്മയും പ്രേമിച്ചല്ലെ കല്ല്യാണം കയ്ച്ചെ അകഥ ഒന്ന് പറഞ്ഞാട്ടെ. എന്താ ന്റെ മോക്ക് ഇപ്പൊ കഥ പറയാന് ?

വെല്ലിമ്മ ഇത് വെരെ അകഥ മുയ് വെൻ പറഞ്ഞില്ല.'മാറാല മൂടിയ ആ പ്രണയ ചിത്രങ്ങളോരോന്നായി ഓർമ്മയിൽ തെളിഞ്ഞ് വന്നു'. അക്കാണുന്ന മീഞ്ചാപ്പന്റെ മുന്നിലെ തെങ്ങിൻ ചോട്ടിലിര്ന്ന് വെല്ലിപ്പയും കൂട്ടരും വലകെട്ടും. ആ കാഴ്ചനല്ല രസാ അങ്ങനെ എന്നെ കണ്ട് ഇഷ്ടപ്പെട്ടു അതെന്തൊര് കാലാ മോളേ അക്കാലം. ഫാരിക്കത് കേൾവിയ്ക്ക് അത്ര സുഖം നൽകിയില്ല. വെല്ലിമ്മ എന്താ പറഞ്ഞ് പൂർത്തിയാക്കാണ്ട് നിർത്തിയെ?അതേ ഉള്ളൂ മോളെ പിന്നൊന്നൂല്ല.വെല്ലിപ്പ എന്നെ നോക്കി ചിരിക്കും ഞാൻ വെല്ലിപ്പാനെയും നോക്കി ചിരിക്കും.... തീർന്ന് ഇനി ഒന്നും ചോയിക്കര്ത്.അപ്പൊ കടലും കരയും കാറ്റും കിളികളും മുട്ടി പാടി ചിരിയ്ക്കും ല്ലേ വെല്ലിമ്മാ? വെല്ലിമ്മാന്റെ കണ്ണില് അനുരാഗ കരിക്കിൻ വെള്ളം.ന്റെ വെല്ലിമ്മാ കുട്ടികളും ഒപ്പം

കുൽസുവും കൂട്ട ചിരിയായി.വെല്ലിമ്മ തല താഴ്ത്തിയിട്ടു.ന്റെ വെല്ലിമ്മ മജീദിന്റെ സുഹറ തന്നെയാ ല്ലേ? അല്ല മോളെ സോറയും മറിയകുട്ടിയും മെഹബൂബിന്റെ ആമിനയും ഒന്നു അല്ല.വെല്ലിപ്പാനെ ശെരിക്ക് കാണ്ന്നത് കല്ല്യാണത്തിന്റെ ന്ന്.അന്നൊക്കെ അങ്ങനെല്ലെ പെങ്കുട്ട്യോളെ ജീവിതം പൊറംലോകം കാണാത്ത ജീവിതം. ഇന്നത്തെ പോലെകൈകുമ്പിള്ന്ന് ദുനിയാവ് കാണലല്ലാലൊ. കഥയും കാര്യം പറച്ചിലുമായി ഊണ് കഴിഞ്ഞ് പാരി ഉമ്മയ്ക്കൊപ്പം മുറിയിൽ മയങ്ങുന്നു.

ഉപ്പയില്ലാത്ത ജീവിതത്തിന്റെ പൊട്ടി പോയ രസച രട് ഉമ്മയുടെ ശ്വാസോഛ്വാസത്തിൽ ശെരിയ്ക്കും അതിന്റെ വേദനയറിയാം. മനസ്സിൽ സദാ പെയ്തിറങ്ങുന്ന

പങ്കാളി എങ്ങനെ മറക്കാൻ ശ്രമിച്ചിട്ടും ഓടിയെത്തുന്നു.വിശ്രമിക്കാനായി കിടന്ന് എങ്ങനെ ശ്രമിച്ചിട്ടും കുൽസുവിന് ഉറക്കം വന്നില്ല.പാരീ ഉമ്മ ഒരു കാര്യം പറഞ്ഞാൽ ന്റെ മോള് ക്ഷമയോടെ കേട്ട് ന്ക്കണം.മുത്ത് നബി പറഞ്ഞത് ക്ഷമിക്കാൻ പഠിച്ചാൽ ജീവിക്കാൻ പഠിച്ചെന്നാ.പിന്നെന്താ ഉമ്മാ ഉമ്മ പറയ്.എന്താ ന്റു മ്മാന്റെ മൊഖത്തിനൊരു വാട്ടം? മറുപടിയില്ല.

അവൾ ഭയത്താൽ പെട്ടെന്ന് എണീറ്റിരുന്നു. ന്താ ന്റുമ്മ പറയാൻ പോണെ ഉമ്മയുടെ തൊണ്ടവരണ്ടു പറഞ്ഞാ ട്ടെ നെറുകയിൽ തലോടി. ന്റെ മോളിനി ഉപ്പാനെ തെരയെര്ത്. ഉപ്പയെന്ന പ്രതീക്ഷ മ്മക്ക്നി വേണ്ട മോളേ. ന്താമ്മാഇവ്ട ആരെങ്കിലും വന്നൊ? മോളേ മ്മള് സിനിമേലൊക്കെ കാണ്ന്ന അങ്ങനെത്തെ കഥയാ മോളെ ഉമ്മാക്കും പറയാന്.എന്തായാലും പറയാൻ പോകുന്നത് നല്ല വാർത്തയല്ലെന്നുറപ്പിച്ചു.

ഉപ്പാനെ ഇനി മ്മള്കാത്തിരിക്കണ്ട ഞെട്ടലോടെ അവൾ ഉമ്മാ എന്ന് വിളിച്ച് ആർത്തു.ന്റെകുട്ടി കരയര്ത് ഏഴാം വളവിലെ ഐസ് കമ്പനിയ്ക്ക് മുന്നിലെ യൂസുഫ് മാഷിന്റെ മോള അറിയൊ?ന്താമ്മാ ഫർസാന ടീച്ചറെ പിന്നെ അറിയാണ്ട്.ഉപ്പ അന്ന് എന്നെകെട്ടും മുമ്പ് ഇഷ്ടത്തിലായിനു ആകെപ്പാടെ അഞ്ച് മാസത്തിന്റെ വലുപ്പോളെള്ള ബന്ധം.അള്ള ടീച്ചറൊ അപ്പൊ ടീച്ചറൊപ്പം ഉള്ളത് ന്റുപ്പയാ ല്ലേ?ഇനി നിക്കൊന്നും കേക്കണ്ട ഞെട്ടലോടെ വലിയ ശബ്ദത്തിൽ ഉമ്മാ..സയ്ക്കൂല മാപ്പിള ഹയർ സെക്കണ്ടറിയിലാണല്ലൊ ടീച്ചർ പഠിപ്പിക്കിന്നത്.വിശ്വസിക്കാനാവാതെ അവൾ നിശ്ശബ്ദം കണ്ണടച്ചു.ന്റെ ടീച്ച റെ എന്ത് പാവാ ഇത്.ഇങ്ങക്കിത് തോന്ന്യല്ലൊ.പൊട്ടിത്തെറിച്ച് വിരൽ ചൂണ്ടിയെങ്കിലും ദുഃസസഹവേദനയിൽ നിലത്തിരുന്ന് പോയി ഫാരി.നിർത്തിയെടുത്ത് നിന്നുംകുൽസു തുടർന്നു.അങ്ങനെയാ വെല്ലിപ്പ പറയ്ന്നത് ഇഞ്ഞ് ന്റെ മരുമോള് കുൽസൂന കെട്ടണോന്ന് ഉപ്പപ്രതിഷേധം കൊണ്ട് ആക്ന്നതും തടഞ്ഞിട്ടു കൊറേ കരഞ്ഞു.പറഞ്ഞ് വന്നാൽ ലക്ഷദീബ്കാരൻ വെല്ലിപ്പ ഒരു പാവാ അങ്ങനെ ഒരുരക്ഷയും ഇല്ലാണ്ട് ന്നെ കെട്ടി.നിക്കാഹ് കഴിഞ്ഞ് തിരിച്ച് വെര്മ്പം ഉപ്പ കൂട്ടുകാരോട് പറഞ്ഞ്

‘കെട്ടിയത് കുൽസൂനെയാണെങ്കിലും ന്റെ ചങ്കിലുള്ളത് ഫർസാനയാണെന്ന്. എങ്ങനെ അടിച്ചാലും തെളിച്ചാലും ഓള് ന്റെ മനസിന്ന് പോകൂല എല്ലാം കേട്ട് നിലത്ത് പുല്ലുപായിൽ കിടക്കുകയായിരുന്ന വെല്ലിമ്മ നെടുവീർപ്പാലെ പറഞ്ഞു.അയിന്റെ പേരില് ന്റെ മോൻ കൊറേ സങ്കടപ്പെട്ടു.മനസ് കൊണ്ടിഷ്ടപ്പെട്ടാല് അങ്ങന്യ പറച്ചെറിയാനൊന്നും പെട്ടെന്ന് പറ്റൂല.കാമ്പസുകളിൽ മാത്രം കേട്ടിരുന്ന പ്രണയത്തിന്റെ നിർവ്വചനങ്ങൾ വെല്ലിമ്മയിലൂടെ കേട്ടവൾ അന്തം വിട്ട് നിന്ന് പോയി.

ന്റെ വെല്ലിമ്മ ഇപ്പൊ ഇതെങ്ങനെ അറിഞ്ഞ് ? കന്മദേട്ടൻ പറഞ്ഞ്

എപ്പൊ? ഒരു മാസായി. എന്നിറ്റ് ന്നോടൊന്നും പറഞ്ഞില്ലാലൊ ന്തെ? മറുപ ടി മൗനം.വെഷമിക്ക്ന്നതിന് മന:പൂർവ്വം പറയായ്റ്റാ എന്നവൾക്ക് ബോധ്യപ്പെട്ടു.

ഒരു ഭാഗത്ത്ന്ന് ഞാൻ മുറിയാതെ ഉപ്പാക്കുള്ള അന്വേഷണം.മറുഭാഗത്ത് ന്ന് മറച്ച് വെക്കലും.അതാ മോളെ സഹികെട്ട് ഇപ്പൊ പറഞ്ഞത്.വെല്ലിമ്മ ഒറ്റ വാക്കിലൊതുക്കി.

മൗനത്തിൻ ഇടനാഴിയിലെ ജാലക പഴുതിലൂടെ കുൽസു ഈ സമയവും തന്റെ റഊഫ്ക്കയെ നോക്കി കൊണ്ടിരിക്കുകയാണ്. പട്ടം പോലെ പാറി പറന്ന ജീവിതത്തിനു മുന്നിൽ ആഹ്ലാദം നിലച്ച ദുർവിധിയിൽ പിടയുന്ന മനസ്.

ഫർസ ടീച്ചർ മുപ്പത്തേഴ് വയസായിട്ടും കല്ല്യാണം തന്നെ കയിച്ചില്ല അക്കഥ ഞാനറിയും ന്റുപ്പയാ അയിലെ പ്രതി അത് ഞാനറിഞ്ഞീല. പാരി മൂക്കത്ത് വിരൽ വെച്ചു ന്റെള്ളാ പാവം. കണ്ണീരിൽ മുങ്ങിയ ഖൽബുമായി നിൽക്കുന്ന ഉമ്മയാണല്ലൊ ന്റെ മുന്നില് അവൾക്ക് സഹിച്ചില്ല. ഉമ്മാ.. അവൾ വിതുമ്പി ന്റെ മോള് സമാധാനിക്ക് ഇവ്ട്ത്തെ സമയം കയിഞ്ഞ് ഉപ്പ ടീച്ചറെട്ത്തേക്ക് പോയി ഇത് വിധിയാമോളെ അങ്ങനെ കരുതിയാ മതി.. വീടിന്റെ അന്തരീക്ഷം സമാധാനപരമാകാനുള്ള വെല്ലിമ്മയുടെ മിടുക്ക് കൂടി ഇവിടെ ഫലം കാണുകയാണ്.

അതാണ് മോളേ ഒരാണിനോടുള്ള പെ

ണ്ണിന്റെ സ്നേഹം വെല്ലിമ്മ പറഞ്ഞു. ഉപ്പാന്റെ ചങ്ങായി മനോജിന്റെ തുണി കടേന്ന് ഒരു  കൊല്ലം മുമ്പ് ടീച്ചറും ഉപ്പയും യാദ്രശ്ചികമായികണ്ടു അങ്ങനെ അടുത്തു ചുരുക്കി പറഞ്ഞാല് ഇപ്പൊ ഉപ്പ ടീച്ചറെ കല്ല്യാണം കയിച്ച് ചെന്നൈയിലാ.അതും ഞാനറിഞ്ഞു പക്ഷെ ഉപ്പയാ അതെന്ന് അറിഞ്ഞില്ല.ന്റെ റെബ്ബെ അപ്പൊ ഇനി ഉപ്പ മ്മക്ക്ണ്ടാകൂല ല്ലേ ഇനി ഉപ്പാന നോക്കണ്ട അതല്ലേ ഉമ്മ പറയാൻ പോകുന്നെ? വെല്ലിമ്മാ വല്ലാത്തൊരുപ്പ തന്നെ ഈ മക്കളെ ഓർത്തൊ? ന്റെ റെബ്ബെ ബദ്രീങ്ങളെ പെട്ടി നോക്കി എന്ത് മാത്രം വിളിയാ ഞാൻ വിളിച്ചത്.അല്ല മോളെ മനസ് കൊടുത്ത് സ്നേഹിച്ച് പോയാല് ഒരാണും പെണ്ണും അങ്ങനെയാ.ആ ഖൽബുകള് അടങ്ങൂല ഓല് ഏറ്റം വലിയ വേലീം ചാടി ഒന്നിക്കാനോടും.

മനസ്ന്ന് എങ്ങനെ മായ്ച്ചാലും പോകൂല അതെല്ലെ മോളേ ചെലപെണ്ണ്ങ്ങളൊക്കെ ജീവൻ വരെ ഒട്ക്ക്ന്നത് ല്ലേ?

സഹിക്കാനാകൂല.. പ്രണയത്തിന് നേരെയുള്ള വെല്ലിമ്മയുടെ പദപ്രയോഗങ്ങൾ ഏറെ ഹൃദയസ്പർശിയായിരുന്നു വാസ്തവത്തിൽ അവൾ പുതിയൊരു വെല്ലിമ്മയെ കാണുകയാ നിക്ക് സഹിക്കണില്ല.പാരി ദേഷ്യവും സങ്കടവും കൊണ്ട് പുളഞ്ഞു. വീട്ടുമുറ്റത്തെ തൈതെങ്ങിൻ ചുവട്ടിൽ വീശുവല കെട്ടുന്ന ഉപ്പയുടെ രൂപം മനസിലേക്കിരച്ചു കയറി. മീൻ മണക്ക്ണഉപ്പയെ പുൽകാൻ അവൾ ഏറെ കൊതിച്ചു.

ഉമ്മയുടെ മടിയിൽ തലവെച്ചവൾ വാ വിട്ടു കരഞ്ഞു.അപ്പൊ ഇനി മ്മക്ക് ഉപ്പണ്ടാവൂല ല്ലേ?സമനില തെറ്റിയ പോലെപാരിവീണ്ടുംആവർത്തിച്ചു. 'ന്റെ റെബ്ബെഎന്തിനാ ഉപ്പ വെരൂന്ന് വിചാരിച്ച് ബദ്രീങ്ങളെ പെട്ടീല് നേർച്ച ഇട്ടത് അള്ളാവെ വാതോരാതെ വിളിച്ചത്'

ഇരു കൈകളുംനീലാകാശത്തിലേക്ക് ഉയർത്തി ഇതവൾ ചോദിച്ചത് പടച്ച തമ്പുരാനോട് ന്റെ ള്ളാ തേങ്ങി കരച്ചലോടെ അവൾ നെടുവീർപ്പിട്ടു. ഉമ്മയും വെല്ലിമ്മയും അവളെ പിടിച്ച് സമാധാനിപ്പിച്ചു. മ്മക്കിനി ഉപ്പാനെ വേണ്ട മോളെ.അതിൽ പൊരുത്തപെടണം ഉമ്മയുടെ അവസാനവാക്ക്.അങ്ങനെ പറയല്ലെ ഉമ്മാ ഉപ്പാന്ന് വെച്ചാൽ അത് വലിയൊരു ലോകല്ലെ ഉപ്പയില്ലാണ്ട് എങ്ങനെയാ ജീവിക്ക്യ എല്ലാം ഭേദിച്ച് അവൾ ചോദിച്ചു.കുൽസു മനസിൽ ഒരു പാട് ഒതുക്കുന്നുണ്ട്.ചിലപ്പോൾ മീനുകൾ ജില്ല തന്നെ വിട്ട് പോകുന്ന സന്ദർഭങ്ങളിൽ ചാഞ്ഞും ചരിഞ്ഞും പോകാതെ ജീവിതത്തെ ശക്തിയുക്തം പിടിച്ചു നിർത്തിയ തന്റെ റഊഫ്ക്ക ഞങ്ങക്കൊപ്പം എത്ര സന്തോഷവാനായിരുന്നു.ആ നിരാശകളൊക്കെ കടുത്ത വേദനയായ് വരിഞ്ഞ് മുറുക്കുന്നുമുണ്ട്.നനഞ്ഞ് കുതിർന്ന അടുപ്പിൽ ഊതിക്കൊണ്ടിരിക്കുന്ന പെണ്ണ്...ന്റെ ഉപ്പാന്റെ ഖൽബ് എന്തായിപോയി ഞങ്ങളെ കാണാണ്ട് ഉപ്പാന്റെ കണ്ണ് കരയ്ന്ന് ണ്ടാകും.നിക്കറിയ ന്റുപ്പാന. ന്റെള്ളാ...ന്റുമ്മ മറക്കുടക്കുള്ളിലായില്ലെ. മനസ് അലങ്കോലപ്പെടുത്തുന്ന ചർച്ചകളുമായി അവർ ഉറങ്ങാൻ കിടന്നു.

പാതിരാവായിട്ടും പാരിയ്ക്ക് ഉറക്കം വന്നില്ല.എണീറ്റിരുന്നു പിറകിൽ കരയിലേക്ക് ആഞ്ഞടിക്കുന്ന തിരമാലകൾ കുറുക്കന്മാരുടെ ഓരി ഇടയിൽ വേദന മണക്കുന്ന വേഗത കൂടിയ ഉമ്മയുടെ ശ്വാസഗതിയും വെല്ലിമ്മയുടെ വാടി തളർന്ന മുഖവും. എന്താന്റുമ്മ ഒക്കെയും മറന്നത്?എങ്ങനെ സഹിച്ച്?

സഹിക്കണം മോളേ ഓല് തമ്മിലെ ഇഷ്ടം അങ്ങന്യ ഒരു മത്സ്യതൊഴിയെ സ്നേഹിച്ച ടീച്ചറെ കഥ കേട്ടിനൊ ന്റെ മോള് ഉമ്മയുടെ കണ്ണുകളിലേക്കവൾ നോക്കിയിരുന്നു. എവിടേക്കൊക്കെയൊ ഉമ്മാന്റെ ഖൽബ് കിതച്ചോടുന്നു.മുന്നിൽ വറ്റി  വരണ്ടുപോയ പ്രണയമെന്ന സിന്ധൗഷധം. എങ്ങനെ കെടുത്തി കളഞ്ഞിട്ടും പുകയുന്ന മനസ്..

ശെരി മണി മൂന്ന് കയിഞ്ഞിറ്റും ഇത് വെരെ ന്റുമ്മ ഒറങ്ങീല്ല ല്ലേ? സത്യത്തിൽ ആ രണ്ട് ഹൃദയങ്ങൾ തമ്മിൽ ഉറക്കിനെതട്ടി മാറ്റിയുള്ള ചർച്ചയിലായിരുന്നു വെല്ലിപ്പയാണ് പ്രതിയെങ്കിലും കുറ്റപ്പെടുത്താൻ അവൾ ഇഷ്ടപ്പെട്ടില്ല. ടീച്ചറെ മറക്കുന്നതായിരുന്നു ഉത്തമം ദുസ്സഹമായ വേദനയാലെ അവൾ ഉപ്പയെന്ന അർത്ഥസമ്പുഷ്ടവും ആശയഗംഭീരവുമായ അധ്യായം എന്നന്നേക്കുമായി മാറ്റി വെച്ചു.